# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II

## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

## (LAND REVENUE AND DEVASWOM)

**പീരിയോഡിക്കൽ റിപ്പോർട്ട്**
**(2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1st APRIL 2016 TO 31st MARCH 2017)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

2017, ആഗസ്റ്റ് 17-ാം തീയതി സമർപ്പിച്ചത്
(Presented on 17th August, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II
## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

പീരിയോഡിക്കൽ റിപ്പോർട്ട്
(2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM Ist APRIL 2016 TO 31st MARCH 2017)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

959/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 6 |

# സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2016-18)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി. ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 25-7-2016, 3-8-2016, 10-8-2016, 3-10-2016, 2-11-2016, 24-1-2017, 22-3-2017, 29-3-2017 എന്നീ തീയതികളിലായി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 25-7-2016, 3-8-2016, 10-8-2016 എന്നീ തീയതികളിലെ യോഗങ്ങൾ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയും സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 2015-16 സാമ്പത്തികവർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുന്നതിനുമായാണ് ചേർന്നത്. 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ, 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്, S.R.O.-കൾ എന്നിവ പരിഗണിക്കുന്നതിനുമായാണ് 3-10-2016, 2-11-2016 എന്നീ തീയതികളിൽ സമിതി യോഗം ചേർന്നത്. ലാൻഡ് ബോർഡുകളുടെയും ലാൻഡ് ട്രൈബ്യൂണലുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കേണ്ടുന്ന മാർഗങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതിനാണ് 24-1-2017-ൽ യോഗം ചേർന്നത്. 22-3-2017, 29-3-2017 എന്നീ തീയതികളിലെ യോഗങ്ങൾ 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായാണ് ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 66 ശതമാനമായിരുന്നു.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും ചട്ടം 235 (1) (iii) പ്രകാരം സമിതി പഠനവിധേയമാക്കിയ വിഷയം സംബന്ധിച്ച വിവരങ്ങളും സമിതിയുടെ മറ്റ് പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകളും മൂന്നാം ഭാഗത്തിൽ ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും നാലാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത നടപടി സ്റ്റേറ്റ്മെന്റുകളുമാണ് ചേർത്തിരിക്കുന്നത്. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2017 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ,

*ചെയർമാൻ,*

സബ്ജക്ട് കമ്മിറ്റി II.

തിരുവനന്തപുരം,
2017 ജൂലൈ 12.

## റിപ്പോർട്ട്

### ഭാഗം I

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II 25-7-2016, 3-8-2016 തീയതികളിൽ യോഗം ചേർന്ന് 2016-17 സാമ്പത്തികവർഷത്തെ VI, XI, XX, XXVI, XXVIII എന്നീ ധനാഭ്യർത്ഥനകളിൻമേൽ സൂക്ഷ്മപരിശോധന നടത്തുകയും പ്രസ്തുത പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 10-8-2016-ൽ അംഗീകരിക്കുകയും ചെയ്തു.

2016-17 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

22-3-2017, 29-3-2017 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് 2017-18 സാമ്പത്തികവർഷത്തെ VI, XI, XX, XXVI, XXVIII എന്നീ ധനാഭ്യർത്ഥനകളിൻമേൽ സൂക്ഷ്മപരിശോധന നടത്തുകയും ശിപാർശകൾ നൽകുകയുമുണ്ടായി.

2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 3-10-2016-ലെ യോഗം അംഗീകരിക്കുകയും, 2016 ഒക്ടോബർ 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 10-8-2016-ലെ യോഗം അംഗീകരിക്കുകയും 2016 ഒക്ടോബർ 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ സമിതി യോഗം ചേരുകയുണ്ടായി. ലാൻഡ് ബോർഡുകളിലും ലാൻഡ് ട്രൈബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനും ഈ മേഖലയുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉപയുക്തമായ മാർഗങ്ങൾ സംബന്ധിച്ച് സമിതി റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തു.

### ഭാഗം II

### ബില്ലുകളുടെ പരിഗണന

(1) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ 3-10-2016-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-10-2016-ന് സഭയിൽ സമർപ്പിച്ചു.

(2) 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 2-11-2016-ലെ യോഗം പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 4-11-2016-ന് സഭയിൽ സമർപ്പിച്ചു.

ഭാഗം III

**ചട്ടങ്ങളുടെ പരിഗണന**

എസ്.ആർ.ഒ.-കളുടെ സാധൂകരണം :

ദി കേരള കൺസർവേഷൻ ഓഫ് പാഡി ലാൻഡ് ആന്റ് വെറ്റ് ലാൻഡ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് റിക്ലമേഷൻ) റൂൾസ്, 2015 (എസ്.ആർ.ഒ. നമ്പർ 811/2015), ദി റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആൻഡ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് (കേരള)റൂൾസ്, 2015 (എസ്.ആർ.ഒ. നമ്പർ 628/2015) എന്നീ എസ്.ആർ.ഒ.-കൾ 2-11-2016-ലെ സമിതിയോഗം പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനിക്കുകയും ചെയ്തു :

1. ദി കേരള കൺസർവേഷൻ ഓഫ് പാഡി ലാൻഡ് ആൻഡ് വെറ്റ് ലാൻഡ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് റിക്ലമേഷൻ) റൂൾസ്, 2015 (എസ്. ആർ. ഒ. നമ്പർ 811/2015).

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്ത വയൽ ഭൂമി ക്രമവൽക്കരിക്കാൻ വ്യവസ്ഥ ചെയ്യുന്ന 3 എ വകുപ്പ് ആക്ടിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് അപ്രകാരമുള്ള ക്രമവൽക്കരണത്തിന് കളക്ടർമാരെ അധികാരപ്പെടുത്തുന്നതിനാണ് റവന്യൂ വകുപ്പ് പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിച്ചതെന്ന് നിരീക്ഷിച്ച സമിതി 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ മുഖേന 3 എ വകുപ്പ് വിട്ടുകളയുന്നതിനുള്ള ഭേദഗതി കൊണ്ടുവന്നതിനെത്തുടർന്ന് എസ്.ആർ.ഒ.-യുടെ പ്രസക്തി നഷ്ടപ്പെട്ടതിനാൽ ആയത് പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു

2. ദി റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആൻഡ് ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് (കേരള) റൂൾസ്, 2015 (എസ്.ആർ.ഒ. നമ്പർ 628/2015)

ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത എസ്.ആർ.ഒ.-യിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ കൊച്ചി മെട്രോ, ദേശീയപാത, വിഴിഞ്ഞം പദ്ധതി, ബൈപ്പാസ് റോഡുകൾ എന്നിവയുടെ സ്ഥലം ഏറ്റെടുക്കലിനെ ബാധിക്കുന്നത് സംബന്ധിച്ച് സമിതി ചർച്ച ചെയ്തു.

പുതിയ ആക്ട് പ്രകാരം സംസ്ഥാനത്ത് ഇതുവരെ ഭൂമി ഏറ്റെടുക്കൽ നടന്നിട്ടില്ലെന്നും ദേശീയപാതയുടെയും ബൈപ്പാസ് റോഡുകളുടെയും കാര്യത്തിൽ നെഗോഷ്യേറ്റഡ്

പർച്ചേസാണ് നടക്കുന്നതെന്നും സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആൻഡ് കോമ്പൻസേഷൻ പോളിസിപ്രകാരം നിർദ്ദിഷ്ട ആക്ട് പ്രകാരമുള്ള കോമ്പൻസേഷൻ നൽകി ആളുകളുടെ സമ്മതത്തോടെ ഭൂമി ഏറ്റെടുക്കുന്ന രീതിയാണ് നിലവിലുള്ളതെന്നും തടസ്സമുണ്ടാകുന്നപക്ഷം ഭൂമി ഏറ്റെടുക്കലിന് നിയമം ഉപയോഗിക്കേണ്ടിവരുമെന്നും ആയതിലേക്കാണ് പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും റൂൾ പ്രകാരമുള്ള സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മനസ്സിലാക്കിയ സമിതി ചട്ടങ്ങളെ സംബന്ധിച്ച് വ്യക്തത ആവശ്യമുള്ളതിനാൽ ചട്ടങ്ങൾ നിയമവകുപ്പ് വിശദമായി പരിശോധിക്കണമെന്ന് നിർദ്ദേശിച്ച് പ്രസ്തുത എസ്.ആർ.ഒ.-യുടെ പരിഗണന മാറ്റിവയ്ക്കാൻ സമിതി തീരുമാനിച്ചു.

## ഭാഗം IV

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3064/സബ്സിബി1/2012/നി.സെ)

### ശിപാർശ

പ്രകൃതിക്ഷോഭം മൂലം വീട് നശിച്ചവർക്ക് 2 ലക്ഷം രൂപയും ഭാഗികമായി വീട് നശിച്ചവർക്ക് 1 ലക്ഷം രൂപയും ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

### സ്വീകരിച്ച നടപടി

(I) സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് /നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്, ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എന്നിവ ഉപയോഗിച്ച് പൂർണ്ണമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് നഷ്ടത്തിന്റെ തോതനുസരിച്ച് പരമാവധി രണ്ട് ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്.

(II) നിലവിലുള്ള സംസ്ഥാന ദുരന്തനിവാരണഫണ്ട് മാനദണ്ഡ പ്രകാരം [സ.ഉ. (കൈ.) നം. 194/2015/ഡി.എം.ഡി. തീയതി 20-5-2015] സാരമായി തകർന്ന വീടുകൾക്ക് പക്കാ, കച്ചഭേദമില്ലാതെ സമതല പ്രദേശങ്ങളിൽ 95,100 രൂപയും മലമ്പ്രദേശങ്ങളിൽ

1,01,900 രൂപയും ആശ്വാസധനസഹായമായി അനുവദിച്ചു വരുന്നുണ്ട്. 15% എങ്കിലും ഭാഗിക ഭവനനാശം സംഭവിച്ചവർക്ക് പക്കാ ഭവനങ്ങൾക്ക് 5,200 രൂപയും കച്ചാ ഭവനങ്ങൾക്ക് 3,200/-രൂപയുമാണ് അനുവദിച്ചു വരുന്നത്. 7-8-2013-ലെ സ.ഉ.(കൈ.)നം. 334/2013/ഡി.എം.ഡി. പ്രകാരം പ്രകൃതിക്ഷോഭത്തിൽ ഭാഗികമായി കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് പരമാവധി 50,000 രൂപയും 30-10-2013-ലെ സ.ഉ. (കൈ.)നം. 478/2013/റവ. പ്രകാരം പൂർണ്ണ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് പരമാവധി 2 ലക്ഷം രൂപയും നൽകിവരുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 54490/കെ1/2012/ഡി.എം.ഡി. തീയതി 3-10-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 8-11-2016-ൽ സഭയിൽ സമർപ്പിച്ചു.)

(റഫ. നമ്പർ 54490/കെ1/2012/ഡി.എം.ഡി. തീയതി 3-10-2016).

## ശിപാർശ

ഇടിമിന്നൽ, കടലാക്രമണം എന്നിവമൂലമുണ്ടാകുന്ന അപകടങ്ങളും പാമ്പുകടിയേറ്റുള്ള മരണവും പ്രകൃതിദുരന്തമായി കണക്കാക്കാത്തതിനാൽ അവയ്ക്ക് നഷ്ടപരിഹാരമൊന്നും ലഭിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇവ പ്രകൃതി ദുരന്തമായി കണക്കാക്കുന്നതിനും ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 13)

## സ്വീകരിച്ച നടപടി

പുതുക്കിയ സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് [സ.ഉ.(പി.)നം. 194/2015/ഡി.എം.ഡി. തീയതി 22-5-2015] സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്റേഴ്സിന് വാർഷിക ഫണ്ടിന്റെ 10% ഉപയോഗിക്കാവുന്നതാണ്. അപ്രകാരം ഇടിമിന്നലിനെയും തീരശോഷണത്തെയും സംസ്ഥാനതലത്തിൽ അംഗീകരിച്ച ദുരന്തങ്ങളിൽ (State Specific Disasters) ഉൾപ്പെടുത്തി ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നു. [സ.ഉ.(കൈ.) നം. 343/2015/ഡി.എം.ഡി. തീയതി 23-7-2015].

പാമ്പുകടി ഒരു മനുഷ്യ-മൃഗ സംഘർഷവിഷയം (Man-animal conflict issue) ആയതിനാൽ വനം വന്യജീവി വകുപ്പിൽ നിന്നാണ് ഇതിന് നഷ്ടപരിഹാരം നൽകിവരുന്നത്.

(സർക്കാർ കത്ത് നമ്പർ 54490/കെ1/2012/ഡി.എം.ഡി. തീയതി 3-10-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 8-11-2016-ൽ സഭയിൽ സമർപ്പിച്ചു)

(റഫ. നമ്പർ 54490/കെ1/2012/ഡി.എം.ഡി തീയതി 3-10-2016)

## 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3162/സബ്സിബി1/2014/നി.സെ)

<u>ശിപാർശ</u>

സംസ്ഥാനത്തെ വില്ലേജ് ആഫീസർമാർ ഉൾപ്പെടുന്ന അനേകം വില്ലേജ് ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ കടിശ്ശിക കൊടുത്തു തീർക്കാനുള്ളതിനാൽ ബഡ്ജറ്റിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. അതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

2014-15 വർഷം SDG പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ആയത് ലഭിക്കുകയുണ്ടായില്ല. നടപ്പ് സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 49.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ജില്ലാ കളക്ടർക്ക് ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു. ഇനിയും വില്ലേജ് ജീവനക്കാരുടെ Tour TA ഇനത്തിൽ 75 ലക്ഷത്തോളം രൂപ കടിശ്ശികയായി നിലനിൽക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിനുവേണ്ടി 2015-16 final batch SDG-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 49490/റ്റി2/2014/ആർ.ഡി. തീയതി 25-1-2016)

(ഡിലേ സ്റ്റേറ്റ്മെന്റ് 8-3-2017-ൽ സഭയിൽ സമർപ്പിച്ചു)

(ഫ. നമ്പർ 1126774/റ്റി2/2017/ആർ.ഡി. തീയതി 25-1-2017)

ഇ. ചന്ദ്രശേഖരൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2017 ജൂലൈ 12.

## അനുബന്ധം

## 2016 ജൂലൈ 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2016 ജൂലൈ 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, "
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, "
4. ശ്രീ. കെ. ഡി. പ്രസേനൻ, "
5. ശ്രീ. പുരുഷൻ കടലുണ്ടി, "
6. ശ്രീ. കെ. രാജൻ, "
7. ശ്രീ. എം. ഉമ്മർ, "

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എം. സി. മോഹൻദാസ്, കമ്മീഷണർ ഓഫ് ലാൻഡ് റവന്യൂ
2. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ ഓഫ് ലാൻഡ് റവന്യൂ
3. ശ്രീ. റ്റി. ഭാസ്കരൻ, സെക്രട്ടറി, ലാൻഡ് ബോർഡ്
4. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
5. ശ്രീമതി ഷീല കെ. എസ്., സ്പെഷ്യൽ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്
6. ശ്രീ. എൻ. എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
7. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.

സമിതി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥന നമ്പർ VI, XXVI എന്നിവ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. പ്രസ്തുത ചർച്ചകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ലാന്റ് റവന്യൂ കമ്മീഷണറേറ്റുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ പരിഗണിക്കവേ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് നോട്ടീസ് കൊടുക്കൽ, എൻക്വയറി തുടങ്ങിയ ഓഫീസ് ജോലിയുടെ ഭാഗമായുള്ള ആവശ്യങ്ങൾ സുഗമമായി നിർവഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യമെന്ന നിലയിൽ ഇരുചക്രവാഹനം വാങ്ങുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായും വാറ്റ് നികുതിയടക്കം ഒരു യൂണിറ്റിന് 47285 രൂപ ചെലവ് വരുമെന്നും ഗ്രൂപ്പ് വില്ലേജുകൾ ഒഴിവാക്കി 1535 വില്ലേജുകൾക്ക് ഇരുചക്രവാഹനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും ലാൻഡ് റവന്യൂ കമ്മീഷണർ സമിതിയെ അറിയിച്ചു. മുൻ വർഷവും സബ്ജക്ട് കമ്മിറ്റി ഇതിനായി ശിപാർശ ചെയ്തെങ്കിലും ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നില്ലെന്ന് ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിനായി ആവിഷ്കരിച്ച 'സ്മാർട്ട് റവന്യൂ ഓഫീസുകൾ' പദ്ധതി പരിശോധിച്ച സമിതി, പ്രസ്തുത പദ്ധതിക്ക് 2014-15-ൽ 4.7 കോടി രൂപ അനുവദിച്ചതിൽ 2.6729 കോടി രൂപയും 2015-16-ൽ 5 കോടി രൂപ അനുവദിച്ചതിൽ 3.6813 കോടി രൂപയുമാണ് ചെലവഴിച്ചതെന്നും പ്ലാൻ ഫണ്ടുകൾ അനുവദിച്ചതും വിനിയോഗിച്ചതും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതായും സമിതി നിരീക്ഷിച്ചു.

'സ്മാർട്ട് റവന്യൂ ഓഫീസുകൾ' പദ്ധതിയുടെ പുരോഗതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പഴയ ഓഫീസുകൾ പുതുക്കി സ്മാർട്ട് വില്ലേജുകൾ ആക്കുകയെന്ന ആദ്യ ഘട്ടത്തിന്റെ പണി പൂർത്തിയായി എന്ന് കമ്മീഷണർ ഓഫ് ലാൻഡ് റവന്യൂ സമിതിയെ അറിയിച്ചു. വില്ലേജ് ഓഫീസുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുകയാണ് രണ്ടും മൂന്നും ഘട്ടങ്ങളിലായി ചെയ്തുവരുന്നതെന്നും രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 10 വില്ലേജുകളിൽ ഭൂരിഭാഗത്തിന്റെയും പണി പൂർത്തിയായിട്ടുണ്ടെന്നും മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 9 വില്ലേജുകളിൽ ഓഫീസുകളുടെ പണി പൂർത്തീകരിച്ചിട്ടില്ല എന്നും കമ്മീഷണർ ഓഫ് ലാൻഡ് റവന്യൂ അറിയിച്ചു. സ്മാർട്ട് വില്ലേജുകൾക്കായി അനുവദിച്ചതും വിനിയോഗിച്ചതുമായ തുക സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ കണക്കുകൾ തമ്മിൽ വൈരുദ്ധ്യമുള്ളതായി കാണുന്നതിനാൽ ആയത് സംബന്ധിച്ച കൃത്യമായ കണക്ക് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിക്കണമെന്നും ഏതെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിൽ എത്രയും വേഗം അത് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ 40 എണ്ണം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണെന്നും സ്ഥലപരിമിതി കാരണം രേഖകൾ സൂക്ഷിക്കുവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നതായും പല കെട്ടിടങ്ങളും ചോർന്നൊലിച്ച് ജീർണ്ണാവസ്ഥയിലായതുമൂലം വിലപ്പെട്ട രേഖകൾ നശിച്ചുപോകുന്നതായും സമിതി നിരീക്ഷിച്ചു. തിരുവനന്തപുരം ജില്ലയിലെ വെള്ളറട, പരശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ, തൃശ്ശൂർ ജില്ലയിലെ പട്ടികാട്ടിൽ പീച്ചി പാണഞ്ചേരി ജോയിന്റ് വില്ലേജാഫീസ് എന്നിവയുടെ അവസ്ഥ ശോചനീയമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ സ്മാർട്ട് റവന്യൂ ഓഫീസുകൾ പദ്ധതിയുടെ മൂന്നാംഘട്ടം അടിയന്തരമായി പൂർത്തിയാക്കണമെന്നും വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം ത്വരിതപ്പെടുത്തണമെന്നും വില്ലേജ് ഓഫീസുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു .

റവന്യൂ-രജിസ്ട്രേഷൻ-സർവ്വെ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഒരു സംയോജിത ഭൂരേഖ വിനിമയ സംവിധാനം കൊണ്ടുവരുന്നതിനായി രൂപം നൽകിയ 'റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം' എന്ന പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യവേ നാഷണൽ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (എൻ.എൽ.ആർ.എം.പി.) എന്ന പദ്ധതി പ്രകാരമാണ് റവന്യൂവകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിരുന്നതെന്നും കമ്പ്യൂട്ടറൈസേഷൻ ഓഫ് റവന്യൂ റെക്കോർഡ്സ്, സർവ്വേ, രജിസ്ട്രേഷൻ എന്നീ മൂന്ന് ഘടകങ്ങളിലായി വിഭാവനം ചെയ്തിരുന്ന പ്രസ്തുത പദ്ധതി നിലവിൽ ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (ഡി.ഐ.എൽ.ആർ.എം.പി.) എന്ന ഒറ്റ പദ്ധതിയായി കേന്ദ്ര സർക്കാർ മാറ്റുകയുണ്ടായെന്നും റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ഡി.ഐ.എൽ.ആർ.എം.പി. പ്രകാരം ഫണ്ട് അനുവദിച്ചു കിട്ടിയിട്ടില്ല എന്നും കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി റിവൈസ്ഡ് പ്രൊപ്പോസൽ ഉടൻ തന്നെ സമർപ്പിക്കുന്നതാണെന്നും സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു. റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പുരോഗമനദിശയിലാണെന്നും ഓൺലൈൻ പോക്കുവരവ് നടത്തുന്നതിനുള്ള പദ്ധതി 573 വില്ലേജുകളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും കമ്പ്യൂട്ടർവൽക്കരണ നടപടികളും ബി.ടി.ആർ. എൻട്രിയും ടി.പി.ആർ. എൻട്രിയും പൂർത്തിയായിട്ടുള്ള 329 വില്ലേജ് ഓഫീസുകളിൽ അതത് ദിവസം തന്നെ പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണെന്നും വടക്കൻ കേരളത്തിലെ റീസർവ്വെ നടപടികൾ പൂർത്തിയാകാത്ത വില്ലേജുകളിൽ അടിസ്ഥാന വിവരങ്ങൾ ലഭ്യമാകാത്തതിനാൽ ഓൺലൈൻ പോക്കുവരവ് നടക്കുന്നില്ലെന്നും റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണ നടപടികളുടെ പുരോഗതി സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

റീസർവ്വേ നടപടിക്രമങ്ങൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സമിതി ചർച്ച ചെയ്തു. റീസർവ്വേ നടത്തിയ പല സ്ഥലങ്ങളിലും ആളുകൾക്ക് അവരുടെ പേരിലുണ്ടായിരുന്ന ഭൂമി നഷ്ടപ്പെട്ടതും ചില സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്ന ഭൂമിയുടെ അതിർത്തിയിൽ വ്യത്യാസം വന്നതും വ്യാപകമായ പരാതികൾക്കിടനൽകിയതായി സമിതി വിലയിരുത്തി. റീസർവ്വേ നടത്തുന്ന സമയത്ത് വഴിക്കായി എടുത്തിട്ടുള്ള ഭൂമിയുടെ കാര്യം പ്രമാണത്തിൽ രേഖപ്പെടുത്താതിരിക്കുന്നതും യഥാർത്ഥ അവകാശികൾ സ്ഥലത്തില്ലാതെ വരുമ്പോൾ സമീപവാസികളോ സ്ഥലത്ത് സന്നിഹിതരായിട്ടുള്ള മറ്റ് ആളുകളോ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതുംമൂലമാണ് പലപ്പോഴും ഭൂമി നഷ്ടപ്പെടുകയോ ഭൂമിയുടെ അളവിൽ വ്യത്യാസം വരികയോ ചെയ്യുന്നതെന്ന് സമിതി നിരീക്ഷിച്ചു. റീസർവ്വേ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്നതിനാൽ 2012 ഒക്ടോബറിലെ ഉത്തരവ് പ്രകാരം റീസർവ്വേ നടപടികൾ നിർത്തിവച്ചിരിക്കുകയാണെന്നും അതിന് മുൻപുള്ള പരാതികളാണ് ഇപ്പോൾ നിലവിലുള്ളതെന്നും സമിതി ചെയർമാൻ വിശദീകരിച്ചു. റവന്യൂ അദാലത്തുകളുടെ ഭാഗമായി മാസംതോറും യോഗങ്ങൾ ചേർന്ന് റീസർവ്വെ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായി റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

സംസ്ഥാനത്തെ 1634 വില്ലേജുകളിലും പൂർണ്ണമായും റീസർവ്വേ എപ്രകാരം കുറ്റമറ്റ രീതിയിലും വേഗത്തിലും ചെയ്തു തീർക്കാം എന്നത് സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കി സമർപ്പിച്ച ഭൂമികേരളം പദ്ധതി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 850-ലധികം വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിലും നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ബാക്കിയുള്ള വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ 50 വർഷമെങ്കിലും വേണ്ടിവരുമെന്ന് സമിതി വിലയിരുത്തി. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീസർവ്വെ നടപടികൾ പുറമെയുള്ള ഏജൻസികളെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചെങ്കിലും ഇക്കാര്യം ഏറ്റെടുത്ത് നടത്തുവാൻ ഒരു ഏജൻസിയും തയ്യാറാകാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചില്ലെന്ന് റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

കേരളത്തിലെ 879 വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായെങ്കിലും പലർക്കും ഭൂമി നഷ്ടപ്പെട്ടതായി നിരീക്ഷിച്ച സമിതി റീസർവ്വെയുമായി ബന്ധപ്പെട്ട വിവരശേഖരണത്തിന് പോകുമ്പോൾ ബന്ധപ്പെട്ട ആളുകൾക്ക് നോട്ടീസ് അയയ്ക്കാത്തതും അവരെ അറിയിക്കാതെ സ്ഥലം മാറ്റി എഴുതുന്നതും തെറ്റായ നടപടിയാണെന്ന് അഭിപ്രായപ്പെട്ടു. നിലവിലെ രീതിയിൽ

റീസർവ്വേ നടപടികൾ പൂർണ്ണമായും പൂർത്തിയാക്കുന്നതിന് 50 വർഷമെങ്കിലും വേണ്ടി വരുമെന്ന് വിലയിരുത്തിയ സമിതി, റീസർവ്വേ നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു സ്പെഷ്യൽ ടീമിനെകൊണ്ടോ, ഏതെങ്കിലും അംഗീകൃത ഏജൻസിയെകൊണ്ടോ ചുരുങ്ങിയ കാലയളവിൽ റീസർവ്വേ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2015 വർഷത്തോടെ കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞു. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി 58,398 പട്ടയങ്ങൾ തയ്യാറാക്കിയെങ്കിലും 40905 പട്ടയം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി, ബാക്കി പട്ടയങ്ങൾ വിതരണം ചെയ്യാത്തതിന്റെ കാരണം ആരാഞ്ഞു. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം അളന്നു തിരിക്കാത്തതുകൊണ്ടാണ് ബാക്കി പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിക്കാത്തതെന്ന് ജോയിന്റ് കമ്മീഷണർ ഓഫ് ലാൻഡ് റവന്യൂ സമിതിയെ അറിയിച്ചു. പട്ടയങ്ങൾ തയ്യാറാക്കിയിട്ടും അവ വിതരണം ചെയ്യാതിരുന്നതിന്റെ കാരണം ജില്ലാ കളക്ടർമാരോട് അന്വേഷിച്ച് അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു പട്ടയം വിതരണം ചെയ്തിട്ടുണ്ടെങ്കിലും പല ആളുകൾക്കും പട്ടയത്തിൽ നിശ്ചയിക്കപ്പെട്ട ഭൂമി ലഭിച്ചിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ 58398 പട്ടയങ്ങളിൽ 40905 പട്ടയങ്ങൾ മാത്രമാണ് വിതരണം ചെയ്തതെന്നും തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിൽ നിയമപരമായ നടപടികൾ പൂർത്തിയാക്കാതെ നൽകിയ പട്ടയങ്ങൾ 60 ദിവസം കഴിഞ്ഞപ്പോൾ അസാധുവായെന്നും നിരീക്ഷിച്ച സമിതി ഇക്കാര്യം അടിയന്തരമായി പുനഃപരിശോധിക്കണമെന്നും തയ്യാറാക്കിയ മുഴുവൻ പട്ടയങ്ങളും അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

ഭൂമിഗീതം പരിപാടിയുമായി ബന്ധപ്പെട്ട് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ഭൂമി വാങ്ങുന്നതിനായി 2015 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ സ്ഥലം കണ്ട് ഒരു സെന്റിന് ഇത്ര രൂപാ എന്ന് വില നിശ്ചയിച്ച് കരാർ ഉറപ്പിച്ചിരുന്നതായും എന്നാൽ സ്ഥലം നൽകിയ ഭൂരിഭാഗം പേർക്കും പണം ലഭിക്കാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും സമിതി വിലയിരുത്തി. 2014-15, 2015-16-ലെ ബഡ്ജറ്റുകളിൽ ഈ ഇനത്തിൽ അനുവദിച്ച തുക

പകതി പോലും ചെലവാക്കാനാകാതെ പാഴാക്കിയിട്ടും ഭൂമി നൽകിയ ആളുകൾക്ക് പണം നൽകാത്തത് നീതീകരിക്കാനാകാത്തതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നതിന് സർക്കാരുമായി കരാർ ഉറപ്പിച്ച എല്ലാ ഭൂഉടമകൾക്കും അടിയന്തരമായി ആയതിന്റെ വില നൽകി, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ നടപ്പാക്കിയ 'ഭൂമിഗീതം' എന്ന ഒരു സ്കീമിന് മാത്രമേ ഡയറക്ട് പർച്ചേസ് എന്ന വ്യവസ്ഥ ഉള്ളൂവെന്നും പദ്ധതിയിലെ ബാക്കി ഫണ്ട് ഭൂമി വാങ്ങുന്നതിനുവേണ്ടിയുള്ളതല്ല എന്നും പ്ലാനിംഗ് ബോർഡ് അംഗീകരിച്ച സ്കീമിൽ സ്ഥലം വാങ്ങി കൊടുക്കുക എന്ന വ്യവസ്ഥ ഇല്ലായെന്നും ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിക്കുവേണ്ടി മിച്ചഭൂമി ഇല്ലാത്ത ജില്ലകളിൽ ഭൂമി വിലയ്ക്കു വാങ്ങുക, പദ്ധതിക്ക് കണ്ടെത്തിയ ഭൂമയിൽ എത്തിച്ചേരുന്നതിനുള്ള വഴിക്കായി ഭൂമി വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം Plan Wind up-ൽ ഉൾപ്പെടാത്തതിനാൽ ചെലവാക്കാൻ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ പദ്ധതിയിൽ അനുവദിച്ച വിഹിതം Plan Wind up-ൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പ്ലാനിംഗ് ബോർഡിന് നൽകണമെന്നും Plan Wind up-ൽ മാറ്റം വരുത്തി പ്ലാനിംഗ് ബോർഡിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം പട്ടയം ലഭിച്ചവരിൽ പലർക്കും പട്ടയം തയ്യാറാക്കിയതിലെ അപാകതകൾമൂലം കരം അടയ്ക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കി. വാസയോഗ്യമായ ഭൂമി കണ്ടെത്തി അർഹരായ എല്ലാ ഭൂരഹിതർക്കും നൽകേണ്ടതാണെന്നും ആയതിലേക്കായി 2016-17-ൽ ബഡ്ജറ്റിൽ അനുവദിച്ച 6 കോടി രൂപ ഉപയോഗിച്ച് ഭൂമി ലഭ്യമല്ലാത്ത പ്രദേശങ്ങളിലുള്ളവർക്ക് മറ്റ് സ്ഥലങ്ങളിൽ വാസയോഗ്യമായ ഭൂമി വാങ്ങി നൽകണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

നാഷണൽ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (എൻ.എൽ.ആർ.എം.പി.), ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (ഡി.ഐ.എൽ.ആർ.എം.പി.) എന്ന് പുനർനാമകരണം ചെയ്തുവെങ്കിലും പദ്ധതിയുടെ സാരാംശത്തിൽ മാറ്റമൊന്നുമില്ലായെന്നും കമ്പ്യൂട്ടറൈസേഷൻ ഓഫ് ലാൻഡ് റെക്കോർഡ്സ്, സർവ്വേ, രജിസ്ട്രേഷൻ എന്നീ മൂന്ന് ഘടകങ്ങളുള്ള പ്രസ്തുത പദ്ധതിയിൽ

രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് 25 ശതമാനം കേന്ദ്ര വിഹിതമാണ് ലഭിക്കുന്നതെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് റിവൈസ്ഡ് പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നതിനാൽ കേന്ദ്രവിഹിതവും കേന്ദ്രാനുമതിയും ലഭിച്ചിട്ടില്ലായെന്നും ആയതിനാൽ ടി തുക വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി. കേന്ദ്ര സഹായം പരമാവധി വിനിയോഗിക്കപ്പെടുന്ന തരത്തിൽ പ്രൊപ്പോസലുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് അടിയന്തരമായി സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

റവന്യൂ വകുപ്പിൽ നിന്നും യഥാസമയം പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകാത്തതുകൊണ്ടാണ് കഴിഞ്ഞ വർഷം NLRMP പദ്ധതിക്ക് കേന്ദ്രാനുമതിയും കേന്ദ്രവിഹിതവും ലഭിക്കാത്തതെന്നും ആയതിനാൽ 2015-16 സാമ്പത്തികവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ സാധിച്ചില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ പദ്ധതിക്ക് 100% കേന്ദ്രസഹായം ലഭിക്കുന്നതിനുള്ള റിവൈസ്ഡ് പ്രൊപ്പോസൽ അടിയന്തിരമായി കേന്ദ്രസർക്കാരിന് സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പ്രകൃതിക്ഷോഭവും ദുരന്തനിവാരണവും വകുപ്പുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ പരിശോധിക്കവേ പ്രകൃതിക്ഷോഭം നിമിത്തമുണ്ടാകുന്ന അടിയന്തര സാഹചര്യം നേരിടുന്നതിനായി ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തി 9 തീരദേശ ജില്ലകളിലായി 27 സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്നും ആയതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരികയാണെന്നും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി അറിയിച്ചു. ഷെൽട്ടറിനായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ നാല് ഘടകങ്ങളിലൊന്നായ ദുരന്തപ്രതിരോധത്തിനുള്ള അടിസ്ഥാന സൗകര്യവികസനം എന്ന ഘടകത്തിൽ (ഘടകം ബി) ഉൾപ്പെടുത്തിയാണ് ചെയ്യുന്നതെന്നും അടിസ്ഥാന സൗകര്യ വികസനത്തിന് നിലവിൽ 12 കോടി രൂപ ബഡ്ജറ്റ് വിഹിതമുള്ളതിൽ 25 ശതമാനം (3 കോടി രൂപ) സംസ്ഥാനമാണ് വഹിക്കുന്നതെന്നും ബാക്കിയുള്ള തുക കേന്ദ്ര സർക്കാരിന്റെ ഗ്രാന്റായാണ് ലഭിക്കുന്നതെന്നും മെമ്പർ സെക്രട്ടറി വ്യക്തമാക്കി. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ തന്നെ മറ്റ് മൂന്ന് ഘടകങ്ങൾക്കുമുള്ള സഹായം കേന്ദ്ര സർക്കാരിൽ നിന്നും 100 ശതമാനം ഗ്രാന്റായാണ് ലഭിക്കുന്നതെന്നും സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയാൽ മാത്രമേ കേന്ദ്ര ഗവൺമെന്റിൽ നിന്നും പണം ലഭിക്കുകയുള്ളൂവെന്നും മെമ്പർ സെക്രട്ടറി വിശദീകരിച്ചു.

സംസ്ഥാനത്ത് ദുരന്ത സാഹചര്യം ഉണ്ടാകുമ്പോൾ സ്കൂളുകളാണ് ഷെൽറ്ററുകളായി ഉപയോഗിക്കുന്നതെന്നും അതിനു പകരം അടിസ്ഥാന സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങളിൽ ആളുകളെ താമസിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക എന്നുള്ളതാണ് കെട്ടിട നിർമ്മാണ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്നും പദ്ധതിയെ സംബന്ധിച്ച് വിശദീകരണം നൽകവെ കെ.എസ്.ഡി.എം.എ. മെമ്പർ സെക്രട്ടറി അറിയിച്ചു. ഷെൽറ്ററുകൾ സ്കൂൾ കോമ്പൗണ്ടുകളിൽ പണിയുകയാണെങ്കിൽ അത്യാവശ്യ ഘട്ടങ്ങളിൽ ഷെൽറ്ററുകളായും അല്ലാത്തപ്പോൾ സ്കൂൾ ആവശ്യത്തിനായും ഉപയോഗപ്പെടുത്താവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട് അനുസരിച്ച് 27 സ്ഥലങ്ങൾ തെരഞ്ഞെടുത്തതിൽ സർവേ ഇൻസ്റ്റിറ്റ്യൂട്ടിനെ ഉൾപ്പെടുത്തുന്ന വിഷയം സമിതി ചർച്ച ചെയ്തു. സർവേ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണത്തിനായി ചെറുതും വലുതുമായി മുട്ടത്തറയിൽ 2 സൈറ്റുകളാണ് കണ്ടെത്തിയിട്ടുള്ളതെന്നും ചെറിയ സൈറ്റിലെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്നും എന്നാൽ രണ്ടാമത്തെ സൈറ്റിൽ സർവേ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി റവന്യൂവിന്റെ 5 ഏക്കർ ഭൂമി വിട്ടുകൊടുക്കുവാൻ ഉത്തരവായിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലം ഏറ്റെടുക്കുവാൻ സർവ്വേ ഡയറക്ടർക്ക് നാളിതുവരെ സാധിച്ചിട്ടില്ലെന്നും മെമ്പർ സെക്രട്ടറി അറിയിച്ചു.

തീരപ്രദേശങ്ങളല്ലാത്ത സ്ഥലങ്ങളിലുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് പദ്ധതികളെന്തെങ്കിലുമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, പാറനിരങ്ങൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഫലപ്രദമായി നേരിടുന്നതിന് കേന്ദ്ര സർക്കാർ "നാഷണൽ ലാൻഡ്സ്ലൈഡ് റെസ്ക്യൂ" എന്ന പദ്ധതി ആവിഷ്കരിച്ചുവരികയാണെന്ന് മെമ്പർ സെക്രട്ടറി മറുപടി നൽകി.

ചർച്ചകളുടെയും ധനാഭ്യർത്ഥനകളുടെ പരിശോധനയുടെയും അടിസ്ഥാനത്തിൽ സമിതി ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ നൽകുകയുണ്ടായി.

1. സംസ്ഥാനത്തെ 1535 വില്ലേജുകളിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് ഓഫീസ് ജോലിയുടെ ഭാഗമായുള്ള നോട്ടീസ് വിതരണം, അന്വേഷണം തുടങ്ങിയ വിവിധ ജോലികൾ സുഗമമായി നിർവ്വഹിക്കുന്നതിന് സഹായകരമാകുന്ന തരത്തിൽ സ്ത്രീ ജീവനക്കാർക്ക് കൂടി ഉപയോഗിക്കത്തക്ക വിധത്തിലുള്ള ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ആവശ്യത്തിലേക്കായി 750 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് ഇരുചക്ര വാഹനങ്ങൾക്കുള്ള ഇന്ധനചെലവിനായി 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3. രജിസ്ട്രേഷൻ വകുപ്പുവഴി നൽകിവരുന്ന ഭൂമിയുടെ ബാദ്ധ്യത സർട്ടിഫിക്കറ്റ് (Encumbrance Certificate) വിതരണം, പഴയകാല ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ എന്നീ പദ്ധതികളുടെ പൂർണ്ണമായ നടത്തിപ്പിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി 710 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പദ്ധതി നിർവ്വഹണത്തിന് പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ നിർവ്വഹണത്തിനുള്ള സംസ്ഥാന വിഹിതത്തിലേക്ക് 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 12.20-ന് യോഗം പിരിഞ്ഞു.

<u>2016 ആഗസ്റ്റ് 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II 2016 ആഗസ്റ്റ് മാസം 3-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്, എം.എൽ.എ.
2. ശ്രീ. സി.കെ. ഹരീന്ദ്രൻ, ,,
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, ,,
4. ശ്രീ. കെ.ഡി. പ്രസേനൻ, ,,
5. ശ്രീ. പുരുഷൻ കടലുണ്ടി, ,,
6. ശ്രീ. കെ.രാജൻ, ,,
7. ശ്രീ. എം. ഉമ്മർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ. വി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ. വി., അണ്ടർ സെക്രട്ടറി
4. ശ്രീ. എസ്. ഹരികിഷോർ, ജില്ലാ കളക്ടർ, പത്തനംതിട്ട
5. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മിഷണറേറ്റ്
6. റ്റി. ഭാസ്കരൻ, സെക്രട്ടറി, ലാന്റ് ബോർഡ്
7. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
8. ശ്രീ. കെ.ആർ. ഹരിദാസ്, സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്
9. ശ്രീ. കെ. രവികുമാർ, കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്
10. ശ്രീമതി ഷീല, കെ. എസ്., സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്
11. ശ്രീ. എൻ.എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീമതി ജയശ്രീ. പി, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
13. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി, 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥന നമ്പർ XI (ജില്ലാഭരണവും പലവകയും) XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XX (ശുദ്ധജലവിതരണവും ശുചീകരണവും) എന്നിവയുടെ കീഴിലുള്ള

കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

ശബരിമല ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികസഹായം സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. പത്തനംതിട്ട ജില്ലാ കളക്ടർ ചെയർമാനായ ശബരിമല സാനിട്ടേഷൻ സൊസൈറ്റിയാണ് ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ വ്യക്തമാക്കി. ശബരിമല സീസണിൽ ശുചീകരണ ജോലിക്കായി നിയമിക്കുന്ന വിശുദ്ധി സേനാംഗങ്ങളുടെ ദിവസവേതനത്തിൽ 100 രൂപയുടെ വർദ്ധനവ് ആവശ്യപ്പെട്ടതിനെത്തുടർന്ന് അധികമായി വേണ്ടിവരുന്ന 2,20,80,000 രൂപയും വിശുദ്ധിസേനാംഗങ്ങളുടെ ടി.എ.-യും സാനിട്ടേഷൻ സൊസൈറ്റിയുടെ മറ്റ് ചെലവുകളും ഉൾപ്പെടെ 3.25 കോടി രൂപ ആവശ്യമാണെന്നും പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനും പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളിലുൾപ്പെടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി 4 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചു. പരാതികൾ അറിയിക്കുവാനുള്ള ടോൾ ഫ്രീ നമ്പർ പ്രോജക്ട്, ആരോഗ്യപരിപാലനത്തിനായുള്ള സേഫ് ശബരിമല പ്രോജക്ട് എന്നിവ കഴിഞ്ഞവർഷം മുതൽ നടപ്പാക്കിവരികയാണെന്നും 9,25,00,000 രൂപയാണ് ശബരിമല സാനിട്ടേഷൻ പദ്ധതിക്കായി ആകെ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള ക്ഷേമനിധി സംബന്ധിച്ച വിഷയം പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരിക്കുന്നതിന്റെ വിശദാംശം സമിതി ആരാഞ്ഞു. എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നിലവിൽ 3000 രൂപയാണ് പെൻഷൻ നൽകിവരുന്നതെന്നും അത് 6000 രൂപയായി വർദ്ധിപ്പിക്കുന്നതിന് രണ്ട് കോടി രൂപ അധികമായി വേണ്ടിവരുമെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയെ അറിയിച്ചു.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാരസ്ഥാനികർക്കും കോലധാരികൾക്കും ധനസഹായം നൽകുന്നത് സംബന്ധിച്ച വിഷയം സമിതി ചർച്ച ചെയ്തു. നിലവിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 367 കോലധാരികൾക്ക് 700 രൂപ നിരക്കിലും 1704 ആചാരസ്ഥാനികർക്ക് 800 രൂപ നിരക്കിലുമാണ് പെൻഷൻ

നൽകിവരുന്നതെന്നും പെൻഷൻ കൂറഞ്ഞത് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയെ അറിയിച്ചു കൂടാതെ പുതുതായി 1524 ആചാരസ്ഥാനികരുടെയും 142 കോലധാരികളുടെയും അപേക്ഷ ലഭിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടു

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാഡമി ഉത്ഘാടനം ചെയ്തെങ്കിലും സാമ്പത്തിക പരാധീനത നിമിത്തം അടിസ്ഥാന സൗകര്യങ്ങൾപോലും സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയെ അറിയിച്ചു. അക്കാഡമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽനിന്നാണ് നിലവിൽ 50 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നതെന്നും ആകയാൽ ഈ ആവശ്യത്തിലേക്കായി 500 ലക്ഷം രൂപ അനുവദിക്കണമെന്നും ദേവസ്വം ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടു. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒൻപത് അംഗങ്ങൾ അടങ്ങുന്ന ഭരണ സമിതിയാണ് അക്കാഡമിക്ക് ഉള്ളതെന്ന് ഭരണ സമിതിയെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് കമ്മീഷണർ മറുപടി നൽകി.

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണവും പുനരുദ്ധാരണവും പാരിസ്ഥിതികമായി വളരെയേറെ ഗുണം ചെയ്യുന്നതാകയാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. മുൻവർഷം പദ്ധതിക്ക് അനുവദിച്ചിരുന്ന തുക മുഴുവൻ ചെലവഴിക്കാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് തുക പൂർണ്ണമായും ചെലവഴിച്ചതായും സർക്കാർ നിഷ്കർഷിച്ച പ്രൊഫോർമയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാലാണ് തുക ചെലവഴിച്ചതായി കാണിക്കാത്തതെന്ന് ദേവസ്വം കമ്മീഷണർ ബോധിപ്പിച്ചു

പ്രസ്തുത ആവശ്യത്തിലേക്കായി കഴിഞ്ഞ സാമ്പത്തിക വർഷത്തിനുമുമ്പ് മലബാർ ദേവസ്വം ബോർഡിന് അനുവദിച്ച 2,64,97,000 രൂപയിൽ 1,97,00,000 രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നും കൊച്ചിൻ ദേവസ്വം ബോർഡിന് അനുവദിച്ച 1,83,00,000 രൂപയിൽ 1,54,80,000 രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു എല്ലാ ദേവസ്വം ബോർഡുകൾക്കുംകൂടി 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ചെലവ് കാണിക്കാതെ പുതിയതായി ഫണ്ട് അനുവദിക്കാൻ സാധിക്കില്ലെന്ന് ധനകാര്യ വകുപ്പ് നിലപാടെടുത്തതിനാൽ കഴിഞ്ഞ വർഷം ഫണ്ട് റിലീസ് ചെയ്യാൻ സാധിച്ചില്ലായെന്ന് ദേവസ്വം വകുപ്പ് സെക്രട്ടറി അറിയിച്ചു

കാവുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണ പ്രവൃത്തികൾക്കായി അപേക്ഷകർ ഇല്ലാത്തതിനാലാണോ ബാക്കി നിൽക്കുന്ന തുക ചെലവാക്കാൻ സാധിക്കാത്തതെന്ന സമിതിയുടെ ചോദ്യത്തിന്, ആദ്യഘട്ടത്തിൽ റിലീസ് ചെയ്യുന്ന 70 ശതമാനം തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതുകൊണ്ടാണ് ബാക്കിനിൽക്കുന്ന 30 ശതമാനം തുക ചെലവാക്കാൻ കഴിയാത്തതെന്നും പദ്ധതിയുടെ നിർവ്വഹണം, ക്ഷേത്ര ട്രസ്റ്റിമാരുടെ എക്സിക്യൂട്ടീവ്, ജനകീയ കമ്മിറ്റി എന്നിവ രൂപീകരിച്ച് ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ളതായതിനാലും കുളങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും കാലാവസ്ഥയ്ക്കനുസൃതമായി ചെയ്യേണ്ടുന്ന പ്രവൃത്തികളായതിനാലുമാണ് കാലതാമസം നേരിടുന്നതെന്നും ദേവസ്വം ബോർഡ് കമ്മീഷണർ സമിതി മുൻപാകെ ബോധിപ്പിച്ചു. ചെലവാകാത്ത തുക സംബന്ധിച്ച് ബന്ധപ്പെട്ടവരോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടെന്നും 18 ശതമാനം പലിശയുൾപ്പെടെ പ്രസ്തുത തുക തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ, 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഹൈക്കോടതിയുടെ അനുവാദം വേണമെന്ന നിബന്ധനയുള്ളതുകൊണ്ടുതന്നെ, ഒരു പദ്ധതിയും അനുവാദം വാങ്ങാതെ ചെയ്യാൻ സാധിക്കില്ലെന്ന് ദേവസ്വം വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. ഇത്തരത്തിൽ നടപ്പാക്കലിൽ നേരിടുന്ന കാലതാമസത്തിനുദാഹരണമായി, വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രത്തിന് ഫണ്ട് അനുവദിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഓംബുഡ്സ്മാനെ നിയമിച്ചുവെങ്കിലും കോടതി ഉത്തരവ് ലഭിക്കുന്നതിന് കാലതാമസം നേരിട്ടത് സംബന്ധിച്ച വിഷയം അദ്ദേഹം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിൽ ദേവസ്വം ബോർഡുകളുടെ അനാസ്ഥയുണ്ടെന്ന് നിരീക്ഷിച്ച സമിതി, നിലവിലുള്ള ഭരണപരമായ പോരായ്മകൾ പരിഹരിക്കണമെന്ന് നിർദ്ദേശിച്ചു.

കേരളത്തിൽ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം ഏറ്റവും കൂടുതൽ ആവശ്യമായിവരുന്നത് കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലായതിനാൽ അതിനനുസൃതമായുള്ള ഫണ്ട് നൽകേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. കൊച്ചിൻ

ദേവസ്വം ബോർഡിന് ബഡ്ജറ്റിൽ ഗ്രാന്റില്ലാത്തതും നിലവിൽ നൽകിവരുന്ന ഇന്ററിം ആന്വിറ്റി മൂന്നു വർഷമായി ലഭിക്കാത്തതും ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെന്ന് സമിതി നിരീക്ഷിച്ചു. കൊച്ചിൻ ദേവസ്വം ബോർഡിന് ഗ്രാന്റ് നൽകാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നതിന് പരിമിതികളുണ്ടെന്നും ഓരോ പ്രത്യേക ആവശ്യങ്ങൾക്കായാണ് ഗ്രാന്റ് നൽകുന്നതെന്നും ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (HR & CE) ആക്ടിൻ കീഴിലായതിനാലാണ് മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റ് നൽകുന്നതെന്നും ദേവസ്വം വകുപ്പ് സെക്രട്ടറി മറുപടി നൽകി. കൂടാതെ, ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (TCHRI) ആക്ടിന്റെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങൾ, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ശബരിമല ക്ഷേത്രം (ശബരിമല മാസ്റ്റർ പ്ലാൻ) എന്നിവിടങ്ങളിലൊക്കെ ഓരോ പ്രത്യേക പദ്ധതികൾക്ക് ഗ്രാന്റ് നൽകാൻ വ്യവസ്ഥയുണ്ടെന്ന് സെക്രട്ടറി കൂട്ടിച്ചേർത്തു. മുമ്പ് സറണ്ടർ ചെയ്ത സ്ഥലങ്ങൾക്ക് പകരം ആന്വിറ്റി നിശ്ചയിച്ച് കൊടുക്കാനുള്ള പ്രൊവിഷൻ റവന്യൂ വകുപ്പിലുണ്ടെന്നും കാലാകാലങ്ങളിൽ തുകയിൽ ചെയ്യേണ്ടുന്ന റിവിഷൻ കൊച്ചിൻ ദേവസ്വം ബോർഡിന് ചെയ്തിട്ടില്ലെന്നും നിലവിൽ കൊച്ചിൻ ദേവസ്വം ബോർഡിന് 6 കോടി രൂപ നൽകുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന അനുമതിയ്ക്കായി അയച്ചിട്ടുണ്ടെന്നും ദേവസ്വം വകുപ്പ് സെക്രട്ടറി വിശദീകരിച്ചു. ധനസഹായം ലഭിക്കുന്നതിന് ദേവസ്വം ബോർഡുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച സമിതി, ദേവസ്വങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് ഒരു ഏകജാലക സംവിധാനത്തിന് രൂപം നൽകണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൊച്ചി ദേവസ്വം ബോർഡിന് കീഴിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള ചോറ്റാനിക്കര ദേവീക്ഷേത്രത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യവേ, പ്രസ്തുത പദ്ധതി സംബന്ധിച്ച എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടെന്നും പദ്ധതി സംബന്ധിച്ച് ധനകാര്യ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ യോഗം വിളിച്ചിട്ടുണ്ടെന്നും ദേവസ്വം വകുപ്പ് സെക്രട്ടറി അറിയിച്ചു. ചോറ്റാനിക്കര ദേവീക്ഷേത്രത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അധികതുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-ന് ശേഷം കൊച്ചിൻ ദേവസ്വം ബോർഡിൽ മിനിസ്റ്റീരിയൽ തസ്തികയിൽ ഒരു നിയമനവും നടത്തിയിട്ടില്ലെന്നും 26 എൽ.ഡി. ക്ലർക്കുമാരുടേതുൾപ്പെടെ 50-ഓളം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെന്നും മനസ്സിലാക്കിയ സമിതി, പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സർക്കാർഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനും ഭൂമി തിരിച്ചുപിടിക്കുന്നതിനുമുള്ള കേരള ഭൂബാങ്ക് പ്രോജക്ട് സംബന്ധിച്ച് ചർച്ച ചെയ്യവേ, 2014-15, 2015-16 സാമ്പത്തികവർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. സർക്കാർഭൂമി സംരക്ഷിക്കുന്നതിനാണ് തുക വകയിരുത്തിയിരുന്നതെന്നും ഇടുക്കി ജില്ലയിൽ വിമുക്ത ഭടന്മാരെയാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നിയോഗിച്ചിരുന്നതെന്നും അവരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായാണ് അനുവദിച്ച തുക ഉപയോഗിക്കുന്നതെന്നും 2015-16 സാമ്പത്തികവർഷം അനുവദിച്ച തുകയിൽ മിച്ചം വന്ന പണം സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂവകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടെന്നും ലാൻഡ് ബോർഡ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

കേരള ഭൂബാങ്ക് പദ്ധതി പ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചതിനെത്തുടർന്ന് തിരിച്ചുപിടിച്ചിട്ടുള്ള സർക്കാർഭൂമിയുടെ അളവെത്രയാണെന്ന് സമിതി ആരാഞ്ഞതിന്, 2007-ൽ രൂപീകരിച്ച ഭൂബാങ്ക് പദ്ധതിയുടെ ഒന്നാം ഘട്ടം റവന്യൂ പുറമ്പോക്ക് കണ്ടെത്തുക എന്നതായിരുന്നുവെന്നും സർവ്വേയർമാരെ പിൻവലിച്ചതുമൂലം പദ്ധതി ആദ്യഘട്ടത്തിൽ നിന്നും മുന്നോട്ട് പോയിട്ടില്ലെന്നും ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ മറുപടി നൽകി. ഇടുക്കി ജില്ലയിലെ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച 9 അംഗ ഭൂസംരക്ഷണസേന 207 ഹെക്ടറോളം ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടെന്നും ഒരു വോളന്റിയർ, ഒരു പോലീസുദ്യോഗസ്ഥൻ, ഒരു റവന്യൂ ഉദ്യോഗസ്ഥൻ എന്നിങ്ങനെ 3 പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിച്ച് ഭൂമി കയ്യേറ്റമുള്ള എല്ലാ ജില്ലകളിലും ഇതുപോലെയുള്ള പദ്ധതി നടപ്പിലാക്കി 2016-17 സാമ്പത്തികവർഷം അനുവദിച്ച 40 ലക്ഷം രൂപ വിനിയോഗിക്കാനാകുമെന്ന് അദ്ദേഹം തുടർന്നറിയിച്ചു.

സർക്കാർഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനും ഭൂമി തിരിച്ചുപിടിക്കുന്നതിനുമുള്ള പദ്ധതിയിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ദീർഘനാളുകൾ കൊണ്ടുമാത്രമേ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്ന് സമിതി വിലയിരുത്തി. അതിനാൽ 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് കൂടുതൽ വോളന്റിയർമാരെ ഉൾപ്പെടുത്തി പ്രവൃത്തി കഴിയുന്നത്രവേഗം പൂർത്തീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. കൂടാതെ ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ കയ്യേറ്റഭൂമി പൂർണ്ണമായും തിരിച്ചുപിടിക്കുന്നതിനും തിരിച്ചുപിടിച്ചവ സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ജാഗ്രത പുലർത്തണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് (എസ്.ഡി.എം.എ.) അധികതുക ആവശ്യപ്പെട്ടത് സംബന്ധിച്ച് ചർച്ച ചെയ്യവേ, എസ്.ഡി.എം.എ.-യ്ക്ക് കാലങ്ങളായി നോൺ പ്ലാനിൽ ഫണ്ട് അനുവദിക്കാറില്ലെന്നും അഞ്ച് വർഷമായി പ്ലാൻ ഫണ്ടിൽ തുക വകയിരുത്താറുണ്ടെന്നും പ്ലാൻ ഫണ്ടിൽ നിന്നുമാണ് ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതെന്നും എസ്.ഡി.എം.എ. മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു ആയതിനാൽ, എസ്.ഡി.എം.എ.-യ്ക്ക് നോൺ പ്ലാനിൽ ഫണ്ട് അനുവദിക്കണമെന്ന് മെമ്പർ സെക്രട്ടറി ആവശ്യപ്പെട്ടു. മുൻവർഷങ്ങളിൽ വിവിധ ഹെഡ്ഡുകളിൽ അനുവദിച്ച തുക വിനിയോഗിച്ചത് സംബന്ധിച്ച് സെക്രട്ടറി വിശദീകരിച്ചതിനെ തുടർന്ന് അധികതുക അനുവദിക്കുന്നതിന് ശിപാർശ നൽകാൻ സമിതി തീരുമാനിച്ചു

കളക്ടറേറ്റുകളിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും എൽ.എ. (ജനറൽ) ഓഫീസുകളിലെയും ഉദ്യോഗസ്ഥരുടെ ശമ്പളം, വേതനം, യാത്രാച്ചെലവ്, ഓഫീസ് ചെലവുകൾ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യവേ, ശബരിമല സീസണോടനുബന്ധിച്ചുള്ള ചെലവുകൾക്കായി എല്ലാവർഷവും 80 ലക്ഷം രൂപ കൊടുക്കുന്നതിനാൽ ബാക്കിവരുന്ന 20 ലക്ഷം രൂപ മാത്രമാണ് ജില്ലകളിലെ സ്വാതന്ത്ര്യദിനാഘോഷം, റിപ്പബ്ലിക് ദിനാഘോഷം എന്നീ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ലഭിക്കാറുള്ളതെന്ന് ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ജോയിന്റ് കമ്മീഷണർ (ലാന്റ് റവന്യൂ) ആവശ്യപ്പെട്ടു. അധികതുക ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വനഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള പ്രത്യേക യൂണിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കവെ യൂണിറ്റുകൾ ആരംഭിച്ചത് ഇടുക്കിയിലും തൃശ്ശൂരുമാണെന്നും എൻ.ആർ.എഫ്, ആർ.എഫ്. പട്ടയങ്ങളെ സംബന്ധിച്ച് 1960 മുതൽ തർക്കം നിലനിൽക്കുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു. നിക്ഷിപ്ത വനഭൂമി കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്നുള്ള 1948-ലെ കൊച്ചി സർക്കാരിന്റെ ഉത്തരവിനെത്തുടർന്ന് കയ്യേറിയ വനഭൂമി സംബന്ധിച്ചുള്ളതാണ് എൻ.ആർ.എഫ്. പട്ടയങ്ങളെന്നും എന്നാൽ പ്രസ്തുത പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് കാര്യക്ഷമമായ സംവിധാനങ്ങൾ ഇല്ലെന്നും സമിതി അഭിപ്രായപ്പെട്ടു എൻ.ആർ.എഫ്., ആർ.എഫ്. പട്ടയങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾക്കായി തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ മണ്ഡലത്തിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കാമെന്ന സർക്കാർ പ്രഖ്യാപനം

പ്രാവർത്തികമാക്കി ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി വ്യക്തമാക്കി. 1977-ന് മുമ്പുള്ള മുഴുവൻ പട്ടയങ്ങളും വിതരണം ചെയ്യുന്നതിന് കോടതിവിധിയും സർക്കാർ ഉത്തരവും ഉള്ളതായി സമിതി നിരീക്ഷിച്ചു. പട്ടയം സംബന്ധിച്ച വിഷയത്തിൽ സർക്കാർ നയപരമായ ഒരു തീരുമാനം കൈക്കൊള്ളേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

വനഭൂമിക്ക് പട്ടയം നൽകുന്നതിന് ഇടുക്കിയിലും തൃശ്ശൂരിലും പ്രത്യേക യൂണിറ്റുകൾ ആരംഭിച്ചെങ്കിലും 13200-ഓളം എൻ.ആർ.എഫ്. പട്ടയങ്ങളും 2600-ഓളം ആർ.എഫ്. പട്ടയങ്ങളും ഇനിയും അനുവദിക്കേണ്ടതായിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ ആർ.എഫ്., എൻ.ആർ.എഫ്. പട്ടയങ്ങൾക്കുവേണ്ടി വർഷങ്ങളായി കാത്തിരിക്കുന്ന പാവപ്പെട്ട ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അവർക്ക് പ്രയോജനപ്പെടുന്നവിധത്തിൽ സമയബന്ധിതമായി പ്രസ്തുത പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ആർ.എഫ്., എൻ.ആർ.എഫ്. പട്ടയങ്ങൾ അനുവദിച്ചുനൽകുന്നതിനുള്ള സംവിധാനമെന്ന നിലയ്ക്ക് തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ മണ്ഡലത്തിൽ ഒരു സ്പെഷ്യൽ ഓഫീസറെ നാളിതുവരെ നിയമിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള സ്ഥാപനത്തിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നും സമിതി അംഗം ചൂണ്ടിക്കാട്ടി. ആയതിനാൽ ഒല്ലൂർ മണ്ഡലത്തിലെ ആർ.എഫ്., എൻ.ആർ.എഫ്. പട്ടയങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും ഇനിയും കൂടുതൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള സാധ്യത സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിൽ 60 ദിവസത്തേക്ക് പട്ടയം നൽകി 700-ഓളം കുടുംബങ്ങൾക്ക് വില്ലേജ് ഓഫീസിൽ കരം സ്വീകരിക്കുന്നതിനോ പ്രസ്തുത ഭൂമിക്ക് കൈവശാവകാശരേഖ നൽകുന്നതിനോ റവന്യൂ അധികൃതർ തയ്യാറാവുന്നില്ലായെന്ന ആക്ഷേപം സംബന്ധിച്ച് ചർച്ച ചെയ്യവെ, നെയ്യാർ ഡാമിന്റെ കൂടിയ ജലനിരപ്പ് ഒരു മീറ്റർ കൂടി ഉയർത്തി വൃഷ്ടിപ്രദേശത്ത് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിനും ഭൂമിയുടെ തരംതിരിവ് സംബന്ധിച്ചും സർക്കാരിലേക്ക് ക്ലാരിഫിക്കേഷനുവേണ്ടി എഴുതിയിട്ടുള്ളതായും അതിൽ നടപടി പൂർത്തിയായി കഴിഞ്ഞാൽ അനേകം വർഷങ്ങളായി അവിടെ താമസിച്ചു

വരുന്നവരുടെ ഭൂമി റെഗുലറൈസ് ചെയ്യുന്നതിനും അവരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിനും സാധിക്കുമെന്ന് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

ഇപ്രകാരം വർഷങ്ങളായി ഭൂമി കൈവശംവച്ച് അനുഭവിക്കുന്ന എഴുന്നൂറോളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തതിനാൽ വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നതായി മനസ്സിലാക്കിയ സമിതി, പ്രസ്തുത കുടുംബങ്ങൾക്ക് കാലാവധി ബാധകമാക്കാതെ പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

വനഭൂമിക്ക് പട്ടയം നൽകുന്നതിനായി ഇടുക്കി, തൃശ്ശൂർ ജില്ലകൾക്കായുള്ള സ്പെഷ്യൽ ഓഫീസർ നിശ്ചിത ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽനിന്നും ചെലവുകൾ നിർവ്വഹിച്ചുവരുന്നതിനാൽ ടി തുകയുടെ വിനിയോഗം സംബന്ധിച്ച് അടിയന്തരമായി അന്വേഷണം നടത്തണമെന്ന് സമിതി നിർദ്ദേശിച്ചു

ലാന്റ് ബോർഡുകളുടെ പ്രവർത്തനത്തെക്കുറിച്ചും അവ മുമ്പാകെ തീർപ്പാക്കാതെ കിടക്കുന്ന കേസുകളെക്കുറിച്ചും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സമിതി ആരാഞ്ഞതിന് 1288 ലാന്റ് ബോർഡ് കേസുകൾ നിലവിലുള്ളതായി ലാന്റ് ബോർഡ് സെക്രട്ടറി മറുപടി നൽകി. ലാന്റ് ബോർഡിനെക്കുറിച്ചും ലാന്റ് ട്രൈബ്യൂണലുകളെക്കുറിച്ചും വലിയ ആക്ഷേപമാണുള്ളതെന്നും 89000 കേസുകൾ ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്നതായും സമിതി വിലയിരുത്തി. സബ്ജക്ട് കമ്മിറ്റി ഇക്കാര്യത്തിൽ ഇടപെടണമെന്നും ബഡ്ജറ്റ് പരിശോധനയുമായി ബന്ധപ്പെട്ട യോഗങ്ങൾ പൂർത്തിയായശേഷം നിയമസഭാ ചട്ടം 235 എ പ്രകാരം യോഗം ചേർന്ന് ലാന്റ് ബോർഡ്, ലാന്റ് ട്രൈബ്യൂണൽ എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളെക്കുറിച്ച് ചർച്ച ചെയ്യണമെന്നും സമിതി തീരുമാനിച്ചു

ലാന്റ് ബോർഡിന്റെയും ലാന്റ് ട്രൈബ്യൂണലിന്റെയും പരിഗണനയിലുള്ള പട്ടയം സംബന്ധിച്ച കേസ്സുകൾ ഒരിക്കലും അവസാനിക്കാത്തവിധം കെട്ടിക്കിടക്കുന്നതും ജനങ്ങൾ അതിന്റെ പിറകെ വർഷങ്ങളായി അലയുന്നതും സമിതി ഗൗരവമായി വീക്ഷിച്ചു ആകയാൽ ലാന്റ് ബോർഡ് പുനഃസംഘടിപ്പിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും റിട്ടയർമെന്റ് അടുത്തവരെ പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുന്നതുമൂലമാണ് യഥാസമയം കേസ് തീർപ്പാകാത്തതെന്ന ആക്ഷേപം കണക്കിലെടുത്ത് സർവ്വീസ് കാലാവധി കൂടുതലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ കാലം പ്രിസൈഡിംഗ് ഓഫീസറായി നിയമിച്ച് കെട്ടിക്കിടക്കുന്ന കേസ്സുകൾക്ക് അതിവേഗം പരിഹാരം കാണാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

പവർഗ്രിഡ് കോർപ്പറേഷനുവേണ്ടി സ്ഥലമെടുപ്പിനുള്ള പ്രത്യേക സ്റ്റാഫിന്റെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവ സംബന്ധിച്ച കണക്കിനങ്ങളുടെ പരിശോധന നടത്തവെ തൃശ്ശൂർ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സ്ഥലത്തുകൂടി പവർ ഗ്രിഡിനുവേണ്ടി കേബിൾ വലിക്കുന്നതുകൊണ്ട് സർവ്വകലാശാല വളപ്പിലെ 238 മരങ്ങൾ മുറിക്കേണ്ടിവരുമെന്നതിനു പുറമെ ഭാവിയിൽ യാതൊരു വിധത്തിലുമുള്ള വികസന പ്രവർത്തനങ്ങളും പ്രസ്തുത ഭൂമിയിൽ നടത്താൻ കഴിയാതെ വരുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ കേബിൾ വലിക്കുന്നതിനും വഴിക്കുമായി സർവ്വകലാശാലയുടെ സ്ഥലം ഏറ്റെടുക്കേണ്ടി വന്നാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ സംബന്ധിച്ചും പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ചും സർക്കാർ വിശദമായ പഠനം നടത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പവർഗ്രിഡ് കോർപ്പറേഷനുവേണ്ടി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സ്ഥലം വാങ്ങി നൽകിയപ്പോൾ എഗ്രിമെന്റ് പ്രകാരം പണത്തിനൊപ്പം സി.പി.സി.ആർ.ഐ.യുടെ ഭൂമിയും യൂണിവേഴ്സിറ്റിക്ക് കൈമാറാമെന്ന് വ്യവസ്ഥയുണ്ടായിരുന്നതായി മനസ്സിലാക്കിയ സമിതി, മേല്പറഞ്ഞ കരാർ പ്രകാരം പ്രസ്തുത ഭൂമി യൂണിവേഴ്സിറ്റിക്ക് അടിയന്തരമായി കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മുൻ ജന്മിപെൻഷൻ 2014 മുതൽ 1,500 രൂപയിൽ നിന്നും 3,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പെൻഷൻ വിതരണത്തിനായും, മിച്ചഭൂമി പരിപാലനത്തിനായി നിലവിൽ ബഡ്ജറ്റിൽ 1,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ പ്രസ്തുത ചെലവിനായും അധികതുക അനുവദിക്കണമെന്ന് ലാന്റ് ബോർഡ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അധികതുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ചർച്ചകളുടെയും ധനാഭ്യർത്ഥനകളുടെ പരിശോധനയുടെയും അടിസ്ഥാനത്തിൽ സമിതി, ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ നൽകുകയുണ്ടായി:

1. ശബരിമല സീസണോടനുബന്ധിച്ചുള്ള ചെലവിനും സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നിവ ജില്ലകളിൽ സംഘടിപ്പിക്കുന്നതിനുള്ള ചെലവിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ആവശ്യത്തിലേക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2. സംസ്ഥാനത്തെ ദുരന്തനിവാരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ

പ്രവർത്തനം ആരംഭിച്ച് അഞ്ച് വർഷം പൂർത്തിയായിട്ടും അതോറിറ്റിക്ക് ബഡ്ജറ്റിൽ നോൺ പ്ലാൻ ഹെഡ്ഡിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കി. ആകയാൽ ദുരന്തനിവാരണ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് നോൺ പ്ലാൻ ഇനത്തിൽ 52.5 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രനിധിയിൽ 5163 അംഗങ്ങളുള്ളതിൽ 963 അംഗങ്ങൾക്ക് പെൻഷനും 317 പേർക്ക് കുടുംബ പെൻഷനും നൽകിവരുന്നു എന്ന് സമിതി നിരീക്ഷിച്ചു. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ കൂടാതെ ജീവനക്കാരുടെശമ്പളം, ക്ഷാമബത്ത എന്നിവയിലും വർദ്ധനവുണ്ടാകുമെന്ന സാഹചര്യം കണക്കിലെടുത്ത് ഈ ആവശ്യത്തിലേക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 367 കോലധാരികൾക്ക് 700 രൂപ നിരക്കിലും 1704 ആചാരസ്ഥാനികർക്ക് 800 രൂപ നിരക്കിലും ധനസഹായം വിതരണം ചെയ്യുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പുതുതായി ലഭിച്ചിട്ടുള്ള ആചാരസ്ഥാനികരുടെ 1524 അപേക്ഷകളും കോലധാരികളുടെ 142 അപേക്ഷകളുംകൂടി ഈ വർഷം പരിഗണിക്കേണ്ടതിനാൽ ഈ ഇനത്തിൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

5. മലബാർ ദേവസ്വത്തിന് കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ആരംഭിച്ചിട്ടുള്ള ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനത്തിനും അതിന്റെ നടത്തിപ്പിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ഫണ്ട് അനുവദിക്കേണ്ടത് അനിവാര്യമായതിനാൽ ഈ ആവശ്യത്തിലേക്കായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണവും പുനരുദ്ധാരണവും പാരിസ്ഥികമായി വളരെ പ്രാധാന്യമുള്ളതാണെന്നും ഇവയുടെ സംരക്ഷണത്തിനായി അതീവശ്രദ്ധ ചെലുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. തിരുവിതാംകൂർ ദേവസ്വം, മലബാർ ദേവസ്വം, കൊച്ചി ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ പരിധിയിൽവരുന്ന കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആകയാൽ ഇവയുടെ സംരക്ഷണത്തിനായി 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

7. കൊച്ചി ദേവസ്വം ബോർഡിന് ടോട്ടൽ ആന്വിറ്റി ഇനത്തിൽ ലഭിക്കാനുള്ള തുക ലഭിച്ചിട്ടില്ലെന്നും സംസ്ഥാന ബഡ്ജറ്റിൽ കൊച്ചി ദേവസ്വം ബോർഡിനായി പ്രത്യേക വിഹിതം അനുവദിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ ആന്വറ്റി ഇനത്തിൽ 600 ലക്ഷം രൂപ കൊച്ചി ദേവസ്വം ബോർഡിന് അനുവദിക്കണമെന്നും ബഡ്ജറ്റിൽ പ്രത്യേക വിഹിതം വകയിരുത്തുന്ന കാര്യം പരിഗണിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

8. കൊച്ചി ദേവസ്വം ബോർഡിനുകീഴിൽ ഏറ്റവും കൂടുതൽ റവന്യൂ വരുമാനമുള്ള ചോറ്റാനിക്കര ദേവീക്ഷേത്രത്തിന്റെ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനും പ്രസ്തുത ക്ഷേത്ര പരിസരത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കുമായി 600 ലക്ഷം രൂപ അനുവദിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

9. കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം സംഭവിച്ച ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തികസഹായം നൽകുന്നതിനുമുള്ള കർഷക പുനരധിവാസ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും 1-9-2014-ലെ ജി.ഒ. (എംഎസ്.)380/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ജന്മിപെൻഷൻ 1,500 രൂപയിൽനിന്നും 3,000 രൂപയായി വർദ്ധിപ്പിച്ചെങ്കിലും ബഡ്ജറ്റിൽ അതിന് അനുസൃതമായ വർദ്ധനവ് വരുത്തിയിട്ടില്ലെന്നും സമിതി വിലയിരുത്തി. ആകയാൽ പ്രസ്തുത ആവശ്യം കണക്കിലെടുത്ത് 43.92 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

10. കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത എല്ലാ ജില്ലകളിലുമുള്ള മിച്ചഭൂമി ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ച് നൽകുന്നതുവരെയും സംരക്ഷിക്കുന്നതിനുള്ള ചെലവുകൾക്കായി 20 ലക്ഷം രൂപ 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട ഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ് എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

11. ശബരിമലയിലെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കും വിശുദ്ധി സേനാംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ, സാനിറ്റേഷൻ സൊസൈറ്റിയുടെ ചെലവുകൾ, ടോൾഫ്രീ ലൈൻ വോളന്റിയർ രജിസ്ട്രേഷൻ,

സേഫ് ശബരിമല പ്രോജക്ട് എന്നിവയ്ക്കും പമ്പാനദിയിൽ നിക്ഷേപിക്കുന്ന തുണികൾ നീക്കം ചെയ്യുന്നതിനുമുള്ള ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആകയാൽ ഈ ഇനത്തിൽ 819.62 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 3.50-ന് യോഗം പിരിഞ്ഞു.

## 2016 ആഗസ്റ്റ് 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2016 ആഗസ്റ്റ് 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, ”
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, ”
4. ശ്രീ. പുരുഷൻ കടലുണ്ടി, ”
5. ശ്രീ. കെ. രാജൻ, ”
6. ശ്രീ. എം. ഉമ്മർ, ”

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ. വി., അണ്ടർ സെക്രട്ടറി.

I. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും VI, XI, XX, XXVI, XXVIII എന്നീ ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന ചെലവിനങ്ങൾ പരിശോധിച്ച് സമിതി നൽകിയ

ശിപാർശകൾ ഉൾക്കൊള്ളുന്ന 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്, താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

1. കരട് റിപ്പോർട്ടിലെ 13-ാം ഖണ്ഡികയിലെ ശിപാർശയിൽ തിരുവിതാംകൂർ ദേവസ്വം, മലബാർ ദേവസ്വം, കൊച്ചി ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ പരിധിയിൽവരുന്ന കാവുകളുടെയും ആൽത്തറകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിന് അധികമായി 1000 ലക്ഷം രൂപ അനുവദിക്കണമെന്നതിനുപകരം 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ചേർക്കുക.

2. കരട് റിപ്പോർട്ടിലെ 4-ാം ഖണ്ഡിക താഴെപ്പറയും പ്രകാരം മാറ്റുക:

"റവന്യൂ വകുപ്പിൽനിന്നും യഥാസമയം പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് നൽകാത്തതുകൊണ്ടാണ് കഴിഞ്ഞവർഷം NLRMP പദ്ധതിക്ക് കേന്ദ്രാനുമതിയും കേന്ദ്രവിഹിതവും ലഭിക്കാത്തതെന്നും ആയതിനാൽ 2015-16 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ സാധിച്ചില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ പദ്ധതിക്ക് 100% കേന്ദ്രസഹായം ലഭിക്കുന്നതിനുള്ള റിവൈസ്ഡ് പ്രൊപ്പോസൽ അടിയന്തരമായി കേന്ദ്രസർക്കാരിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

3. കരട് റിപ്പോർട്ടിലെ 6-ാം ഖണ്ഡിക താഴെപ്പറയും പ്രകാരം മാറ്റുക: "ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി മിച്ചഭൂമി ഇല്ലാത്ത ജില്ലകളിൽ ഭൂമി വിലയ്ക്കു വാങ്ങുക, പദ്ധതിക്ക് കണ്ടെത്തിയ ഭൂമിയിൽ എത്തിച്ചേരുന്നതിനുള്ള വഴിക്കായി ഭൂമി വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം Plan Wind up-ൽ ഉൾപ്പെടാത്തതിനാൽ ചെലവാക്കാൻ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ പദ്ധതിയിൽ അനുവദിച്ച വിഹിതം Plan Wind up-ൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പ്ലാനിംഗ് ബോർഡിനു നൽകണമെന്നും Plan Wind up-ൽ മാറ്റം വരുത്തി പ്ലാനിംഗ് ബോർഡിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു."

4. അപ്രകാരം മാറ്റം വരുത്തിയ 4, 6 ഖണ്ഡികകളും ഖണ്ഡിക 5 ഉം പൊതുശിപാർശകളായി നൽകാൻ സമിതി നിർദ്ദേശിച്ച മേൽപ്പറഞ്ഞ 4, 5, 6

ഖണ്ഡികകൾ യഥാക്രമം 16, 17, 18 ഖണ്ഡികകളായി പുനക്രമീകരിക്കുന്നതിനും താഴെപ്പറയുന്ന ശിപാർശകൾ 19 മുതൽ 31 വരെയുള്ള ഖണ്ഡികകളിൽ പൊതുശിപാർശകളായി ഉൾപ്പെടുത്താനും സമിതി തീരുമാനിച്ചു.

19. ദേവസ്വങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് ഒരു ഏകജാലക സംവിധാനത്തിന് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. കൊച്ചി ദേവസ്വം ബോർഡിലെ മിനിസ്റ്റീരിയൽ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. സർക്കാർഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനും ഭൂമി തിരിച്ചുപിടിക്കുന്നതിനുമുള്ള പദ്ധതിയിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ദീർഘനാളുകൾ കൊണ്ടുമാത്രമേ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ 2016-'17-ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് കൂടുതൽ വോളന്റിയർമാരെ ഉൾപ്പെടുത്തി പ്രവൃത്തി കഴിയുന്നത്ര വേഗം പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ കയ്യേറ്റഭൂമി പൂർണ്ണമായും തിരിച്ചുപിടിക്കുന്നതിനും തിരിച്ചുപിടിച്ചവ സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. വനഭൂമിക്ക് പട്ടയം നൽകുന്നതിന് ഇടുക്കിയിലും തൃശ്ശൂരിലും പ്രത്യേക യൂണിറ്റുകൾ ആരംഭിച്ചെങ്കിലും 13200-ഓളം എൻ.ആർ.എഫ്. പട്ടയങ്ങളും 2600-ഓളം ആർ.എഫ്. പട്ടയങ്ങളും ഇനിയും അനുവദിക്കേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ ആർ.എഫ്., എൻ.ആർ.എഫ്. പട്ടയങ്ങൾക്കുവേണ്ടി വർഷങ്ങളായി കാത്തിരിക്കുന്ന പാവപ്പെട്ട ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അവർക്ക് പ്രയോജനപ്പെടുന്നവിധത്തിൽ സമയബന്ധിതമായി പ്രസ്തുത പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. വനം-ജലസേചന വകുപ്പുകൾ തമ്മിൽ ഭൂമി സംബന്ധമായി ഉടമസ്ഥതർക്കം നിലനിൽക്കുന്ന തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിൽ ഭൂമി കൈവശംവച്ച് അനുഭവിക്കുന്ന ഏതാനും കുടുംബങ്ങൾക്ക് 60 ദിവസത്തേക്ക് പട്ടയം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമിക്ക് കൈവശാവകാശരേഖ നൽകുന്നതിനോ, കരം സ്വീകരിക്കുന്നതിനോ റവന്യൂ അധികാരികൾ തയ്യാറാകാത്തതിനാൽ പ്രസ്തുത ഭൂമി വർഷങ്ങളായി കൈവശംവച്ച്

അനുഭവിക്കുന്നവർക്കുപോലും നിലവിൽ കുടിയിറക്ക് ഭീഷണി ഉള്ളതായും ഇപ്രകാരം വർഷങ്ങളായി ഭൂമി കൈവശംവച്ച് അനുഭവിക്കുന്ന എഴുന്നൂറോളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തതിനാൽ വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നതായും സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത കുടുംബങ്ങൾക്ക് കാലാവധി ബാധകമാക്കാതെ പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ആർ.എഫ്., എൻ.ആർ.എഫ്. പട്ടയങ്ങൾ അനുവദിച്ചുനൽകുന്നതിനുള്ള സംവിധാനമെന്ന നിലയ്ക്ക് തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ മണ്ഡലത്തിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയിരുന്നെങ്കിലും നാളിതുവരെ അത് പ്രാവർത്തികമാക്കിയിട്ടില്ലെന്നും ആയതിനാൽ നിലവിലുള്ള സ്ഥാപനത്തിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒല്ലൂർ മണ്ഡലത്തിലെ ആർ.എഫ്., എൻ.ആർ.എഫ്. പട്ടയങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും ഇനിയും കൂടുതൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള സാധ്യത സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. ലാന്റ് ബോർഡിന്റെയും ലാന്റ് ട്രൈബ്യൂണലിന്റെയും പരിഗണനയിലുള്ള പട്ടയം സംബന്ധിച്ച കേസ്സുകൾ ഒരിക്കലും അവസാനിക്കാത്തവിധം കെട്ടിക്കിടക്കുന്നതും ജനങ്ങൾ അതിന്റെ പിറകെ വർഷങ്ങളായി അലയുന്നതും സമിതി ഗൗരവമായി വീക്ഷിക്കുന്നു. ആകയാൽ ലാന്റ് ബോർഡ് പുനസംഘടിപ്പിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും റിട്ടയർമെന്റ് അടുത്തവരെ പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുന്നതുമൂലമാണ് യഥാസമയം കേസ് തീർപ്പാകാത്തതെന്ന ആക്ഷേപം കണക്കിലെടുത്ത് സർവ്വീസ് കാലാവധി കൂടുതലുള്ള ഉദ്യോഗസ്ഥരെ പ്രിസൈഡിംഗ് ഓഫീസറായി നിയമിച്ച് കെട്ടിക്കിടക്കുന്ന കേസ്സുകൾക്ക് അതിവേഗം പരിഹാരം കാണാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. തൃശ്ശൂർ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സ്ഥലത്തുകൂടി പവർ ഗ്രിഡിനുവേണ്ടി കേബിൾ വലിക്കുന്നതുകൊണ്ട് സർവ്വകലാശാല വളപ്പിലെ 238 മരങ്ങൾ മുറിക്കേണ്ടി വരുമെന്നതിനുപുറമെ ഭാവിയിൽ യാതൊരു വിധത്തിലുമുള്ള വികസന പ്രവർത്തനങ്ങളും പ്രസ്തുത ഭൂമിയിൽ നടത്താൻ കഴിയാതെ വരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കേബിൾ വലിക്കുന്നതിനും വഴിക്കുമായി സർവ്വകലാശാലയുടെ സ്ഥലം ഏറ്റെടുക്കേണ്ടി വന്നാൽ

ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ സംബന്ധിച്ചും പാരിസ്ഥിതികപ്രശ്നങ്ങൾ സംബന്ധിച്ചും സർക്കാർ വിശദമായ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. പവർഗ്രിഡ് കോർപ്പറേഷനുവേണ്ടി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സ്ഥലം വാങ്ങി നൽകിയപ്പോൾ എഗ്രിമെന്റ് പ്രകാരം പണത്തിനൊപ്പം സി.പി.സി.ആർ.ഐ.-യുടെ ഭൂമിയും യൂണിവേഴ്സിറ്റിക്ക് കൈമാറാമെന്ന് വ്യവസ്ഥയുണ്ടായിരുന്നതായി സമിതി മനസ്സിലാക്കുന്നു. മേല്പറഞ്ഞ കരാർ പ്രകാരം പ്രസ്തുത ഭൂമി യൂണിവേഴ്സിറ്റിക്ക് അടിയന്തരമായി കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ഭൂമിഗീതം പരിപാടിയുമായി ബന്ധപ്പെട്ട് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ഭൂമി വാങ്ങുന്നതിനായി 2015 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ സ്ഥലം കണ്ട് നെഗോഷിയേഷൻ നടത്തി ഒരു സെന്റിന് ഇത്ര രൂപാ എന്ന് വിലനിശ്ചയിച്ച് കരാർ ഉറപ്പിച്ചിരുന്നതായും എന്നാൽ സ്ഥലംനൽകിയ ഭൂരിഭാഗം പേർക്കും പണം ലഭിക്കാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും സമിതി വിലയിരുത്തുന്നു. 2014-15, 2015-16-ലെ ബഡ്ജറ്റുകളിൽ ഈ ഇനത്തിൽ അനുവദിച്ച തുക പകുതി പോലും ചെലവാക്കാനാകാതെ ലാപ്സാക്കിയിട്ടും ഭൂമിനൽകിയ ആളുകൾക്ക് പണം നൽകാത്തത് നീതീകരിക്കാനാകാത്ത താണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഭൂമി വാങ്ങുന്നതിന് സർക്കാരുമായി കരാർ ഉറപ്പിച്ച എല്ലാ ഭൂഉടമകൾക്കും അടിയന്തരമായി ആയതിന്റെ വില നൽകി, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ 58398 പട്ടയങ്ങളിൽ 40905 പട്ടയങ്ങൾ മാത്രമാണ് വിതരണം ചെയ്തതെന്നും തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിൽ നിയമപരമായ നടപടികൾ പൂർത്തിയാക്കാതെ നൽകിയ പട്ടയങ്ങൾ 60 ദിവസം കഴിഞ്ഞപ്പോൾ ലാപ്സായതായും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യം അടിയന്തരമായി പുനഃപരിശോധിക്കണമെന്നും തയ്യാറാക്കിയ മുഴുവൻ പട്ടയങ്ങളും അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം പട്ടയം ലഭിച്ചവരിൽ പലർക്കും പട്ടയം തയ്യാറാക്കിയതിലെ അപാകതകൾ മൂലം കരം അടയ്ക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം

നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വാസയോഗ്യമായ ഭൂമി കണ്ടെത്തി അർഹരായ എല്ലാ ഭൂരഹിതർക്കും നൽകേണ്ടതാണെന്നും ആയതിലേയ്ക്കായി 2016-17-ൽ ബഡ്ജറ്റിൽ അനുവദിച്ച 6 കോടി രൂപ ഉപയോഗിച്ച് ഭൂമി ലഭ്യമല്ലാത്ത പ്രദേശങ്ങളിലു ള്ളവർക്ക് മറ്റ് സ്ഥലങ്ങളിൽ വാസയോഗ്യമായ ഭൂമി വാങ്ങി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ 40 എണ്ണം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണെന്നും പല കെട്ടിടങ്ങളും ചോർന്നൊലിച്ച് ജീർണ്ണാവസ്ഥയി ലായതുമൂലം വിലപ്പെട്ട രേഖകൾ നശിച്ചു പോകുന്നതായും സമിതി നിരീക്ഷിച്ചു. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിനുള്ള പദ്ധതിയിൽ പ്ലാൻ ഫണ്ടുകൾ വിനിയോഗിച്ചത് സംബന്ധിച്ച കണക്കുകളിൽ അന്തരം നിലനിൽക്കുന്നതായി സമിതി വിലയിരുത്തുന്നു. തിരുവനന്തപുരം ജില്ലയിലെ വെള്ളറട, പരശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ, തൃശ്ശൂർ ജില്ലയിലെ പട്ടികാട്ടിൽ പീച്ചി പാണഞ്ചേരി ജോയിന്റ് വില്ലേജാഫീസ് എന്നിവയുടെ അവസ്ഥ ശോചനീയമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സ്മാർട്ട് റവന്യൂ ഓഫീസുകൾ പദ്ധതിയുടെ മൂന്നാം ഘട്ടം അടിയന്തരമായി പൂർത്തിയാക്കണമെന്നും വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം ത്വരിതപ്പെടുത്തണമെന്നും വില്ലേജ് ഓഫീസുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു."

II. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി വൈകുന്നേരം 3.45 -ന് യോഗം പിരിഞ്ഞു.

<u>2016 ഒക്ടോബർ 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2016 ഒക്ടോബർ 3-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ

അംഗമായ ബഹു. വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ ,,
3. ശ്രീ. കെ. ഡി. പ്രസേനൻ ,,
4. ശ്രീ. പുരുഷൻ കടലുണ്ടി ,,
5. ശ്രീ. എം. ഉമ്മർ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി. ദീപ വി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ.ആർ. ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
3. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. മുരളി, കെ, കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്
5. ശ്രീമതി ജയശ്രീ.പി., അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
6. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. ബി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ, സബ്ജക്ട് കമ്മിറ്റി II-ന്റെ 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

I. 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചു. പ്രധാന ആക്ടിലെ [2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് (2015-ലെ 16)] 4-ാം വകുപ്പിലെ (vii)-ാം ഖണ്ഡം ഒഴിവാക്കണമെന്ന ഔദ്യോഗിക ഭേദഗതി സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. മദ്യത്തിന്റെ ഉല്പാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ആയ ആളുകൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അംഗത്വത്തിന് അയോഗ്യരാണെന്ന പ്രധാന ആക്ടിലെ വ്യവസ്ഥ ഒഴിവാക്കണമെന്ന ഭേദഗതി ബില്ലിലെ 3-ാം ഖണ്ഡം, മറ്റ് ബോർഡുകളിലൊന്നും സമാനമായ വ്യവസ്ഥകളില്ലെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഉൾപ്പെടുത്തിയതെന്ന് ചെയർമാൻ വ്യക്തമാക്കി. എന്നാൽ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ മദ്യവ്യവസായികൾക്ക് പ്രാതിനിധ്യം ലഭിക്കുന്നതിനാണ് പ്രസ്തുത ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്ന ആക്ഷേപം കണക്കിലെടുത്ത് ബില്ലിലെ പ്രസ്തുത വ്യവസ്ഥ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു. തുടർന്ന് താഴെപ്പറയുന്ന ഭേദഗതികളോടെ ബിൽ അംഗീകരിക്കുന്നതിന് സമിതി തീരുമാനിച്ചു

(1) ബില്ലിലെ ഖണ്ഡം 3 ഒഴിവാക്കുക.

(2) നിലവിൽ 4 മുതൽ 6 വരെ ഖണ്ഡങ്ങൾ യഥാക്രമം 3 മുതൽ 5 വരെയായി പുനരക്കം ചെയ്യുക.

സർവ്വശ്രീ അടൂർ പ്രകാശ്, എം. ഉമ്മർ എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

II. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ സമിതിയുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത ശേഷം അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 3409/സബ്.സി.ബി1/15/നി.സെ)

ദുരന്തനിവാരണവും പുനരധിവാസവും വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കവേ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഉൾപ്പെടെ പ്രകൃതിദുരന്ത ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികളിലെ ജീവനക്കാർ സർക്കാർ

ജീവനക്കാരല്ലായെന്നും പ്ലാൻ ഫണ്ടിൽ അനുവദിക്കുന്ന തുകയുപയോഗിച്ചാണ് അവർക്ക് ശമ്പളം കൊടുക്കുന്നതെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതി ഫണ്ടിൽ ആവശ്യത്തിനു പണമുള്ളതുകൊണ്ട് ഇക്കാര്യത്തിൽ ബുദ്ധിമുട്ടൊന്നും നേരിടുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ചോറ്റാനിക്കര ദേവീക്ഷേത്രത്തിന്റെ വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദേവീക്ഷേത്ര പരിസരത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി നൽകിയ ശിപാർശയിന്മേൽ, റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് സമിതി പരിഗണിച്ചു. മാലന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി കൊച്ചിൻ ദേവസ്വം ബോർഡിന് ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിന് ധനകാര്യവകുപ്പിന്റെ അംഗീകാരം ലഭിച്ചില്ലെന്നും മാലിന്യനിർമ്മാർജ്ജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായുള്ള തുക തദ്ദേശസ്വയംഭരണവകുപ്പിന് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി. എന്നാൽ ടി തുക വിനിയോഗിച്ച് അമ്പലത്തിന്റെ സ്ഥലത്ത് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുകയാണെങ്കിൽ അവിടെ മുനിസിപ്പൽ പ്രദേശത്തെ മാലിന്യം നിക്ഷേപിക്കുന്നതിന് ക്ഷേത്രഭാരവാഹികൾ അനുവദിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് സമിതി നിരീക്ഷിച്ചു. മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക ഫലപ്രദമായി വിനിയോഗിക്കുന്നതിലേയ്ക്കായി, തദ്ദേശസ്വയംഭരണവകുപ്പിന് അനുവദിച്ച തുക കൊച്ചിൻ ദേവസ്വം ബോർഡിന് കൈമാറുകയോ മുനിസിപ്പാലിറ്റിയുടെ പൊതുസ്ഥലത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് അനുവദിച്ച പണമുപയോഗിച്ച് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് നിർമ്മിച്ച് അമ്പലത്തിൽനിന്നുള്ള മാലിന്യവുംകൂടി നിക്ഷേപിക്കുന്നതിനുള്ള ക്രമീകരണമൊരുക്കുകയോ ചെയ്യണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള പല ക്ഷേത്രങ്ങളിലും ശാന്തിക്കാർക്കു പോലും ശമ്പളം കൊടുക്കാൻ സാധിക്കാത്ത അവസ്ഥയാണെന്ന് ദേവസ്വം വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന ഇനത്തിൽ കൂടുതൽ തുക വകയിരുത്താത്തത് സാമ്പത്തിക പരാധീനത നിമിത്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ക്ഷേത്രഭരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് യൂണിഫൈഡ് ആക്ട് വരുന്നതോടെ പ്രശ്നം പരിഹരിക്കപ്പെടുമെന്നും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വരുന്നതോടെ അമ്പലങ്ങളിലെയും ദേവസ്വം ബോർഡുകളിലെയും നിയമനങ്ങളിൽ സർക്കാർ നിയന്ത്രണം ഉണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ആചാരസ്ഥാനികർക്കും കോലധാരികൾക്കും തുച്ഛമായ തുകയാണ് മാസ അലവൻസായും പെൻഷനായും നൽകിവരുന്നതെന്ന് സമിതി നിരീക്ഷിച്ചു. ആചാരസ്ഥാനികരുടേതായി 1524 അപേക്ഷകളും കോലധാരികളുടേതായി 142 അപേക്ഷകളും പുതുതായി ലഭിച്ചിട്ടുണ്ടെന്നും എന്നാൽ ഇവർക്ക് നിയമനം നൽകിക്കഴിഞ്ഞാൽ നിലവിലുള്ളവരുടെ അലവൻസ് കൊടുക്കാൻ കഴിയാതെ വരുമെന്നും ദേവസ്വം വകുപ്പ് സെക്രട്ടറി അറിയിച്ചു. 2016-17 ബഡ്ജറ്റിൽ ഈയിനത്തിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപ തികയാതെ വന്നതിനാൽ നാലുകോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. പ്രസ്തുത ഹെഡ്ഡിൽ നിന്നും ഒരു കോടി രൂപ ചെലവാക്കിയിരുന്നുവെങ്കിൽ ഇത് സംബന്ധിച്ച ഉപധനാഭ്യർത്ഥന ഇപ്പോഴത്തെ ബഡ്ജറ്റിൽ സമർപ്പിക്കാൻ സാധിക്കുമായിരുന്നുവെന്നും ധനകാര്യവകുപ്പിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയാൽ മാത്രമേ ഇവരുടെ അലവൻസും പെൻഷനും കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി നിരീക്ഷിച്ചു

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പുരാവസ്തു ശേഖരങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സമിതി ചർച്ച ചെയ്തു. ക്ഷേത്രത്തിലെ 'ബി' നിലവറ തുറക്കുന്നുണ്ടെങ്കിൽ മാത്രമേ കൂടുതൽ ജീവനക്കാരുടെ ആവശ്യമുള്ളൂവെന്നും ആവശ്യമുള്ള സ്റ്റാഫിനെ ഒഴിച്ച് ബാക്കിയുള്ളവരെ ഒഴിവാക്കാൻ തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ അധികമായി തുക തൽക്കാലം വേണ്ടിവരില്ലെന്നും ദേവസ്വം വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട വിദഗ്ദ്ധസമിതിയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണെന്നും സുപ്രീംകോടതിയിൽ നിന്ന് നിർദ്ദേശമുണ്ടായാൽ കമ്മിറ്റിയുടെ തുടർപ്രവർത്തനത്തിന് ഫണ്ട് വേണമെങ്കിൽ ആ സമയത്ത് ആവശ്യപ്പെടാമെന്നും ദേവസ്വം വകുപ്പ് സെക്രട്ടറി അറിയിച്ചു.

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം സംബന്ധിച്ച വിഷയം സമിതി ചർച്ച ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന 'ഹരിത കേരളം' പദ്ധതി മുഖാന്തിരവും ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങൾ

സംരക്ഷിക്കാവുന്നതാണെന്നും അതിലേക്കായി പദ്ധതിയുടെ പല ഘടകങ്ങളിലൊന്നായി ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം സംബന്ധിച്ച വിഷയം പരിഗണിക്കണമെന്ന ആവശ്യം, സംരക്ഷണം ആവശ്യമായ കുളങ്ങളുടെ കൃത്യമായ പട്ടികയും തുകയും സഹിതം ദേവസ്വം ബോർഡ് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കാവുന്നതാണെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം സംബന്ധിച്ച് ചർച്ച ചെയ്യവേ ശബരിമല സീസണോടനുബന്ധിച്ചുള്ള ശുചീകരണ ജോലികൾക്കായുള്ള തുക പത്തനംതിട്ട ജില്ലാ കളക്ടർക്കാണ് അനുവദിക്കുന്നതെന്നും ഇടുക്കി, കോട്ടയം ജില്ലകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് അതാത് കളക്ടർമാരുടെ ആവശ്യപ്രകാരമാണ് ഫണ്ട് അനുവദിക്കുന്നതെന്നും ദേവസ്വം വകുപ്പ് സെക്രട്ടറി അറിയിച്ചു. ഇടത്താവളങ്ങൾ ചെയ്യുന്നതിനും കുടിവെള്ളം, ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക യഥാസമയം വിതരണം ചെയ്യാത്തതും തുകയുടെ വിനിയോഗം സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളും അതിനുള്ള പരിഹാരവും സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞു. ബഹു. ദേവസ്വം വകുപ്പുമന്ത്രിയും ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും കൂടി ചർച്ച ചെയ്ത് തുക യഥാസമയം വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യത ആരായാവുന്നതാണെന്ന് ദേവസ്വം വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകൾ പ്രകാരമുള്ള ശിപാർശകളിന്മേൽ റവന്യൂ, ദേവസ്വം വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക 2, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 35, 36, 37

III. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 3.00 മണിക്ക് യോഗം പിരിഞ്ഞു.

2016 നവംബർ 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2016 നവംബർ 2-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിന് ശേഷം നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്, എം.എൽ.എ.
2. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
3. ശ്രീ. സി.കെ. ഹരീന്ദ്രൻ, എം.എൽ.എ.
4. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
5. ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.
6. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
7. ശ്രീ. കെ. രാജൻ, എം.എൽ.എ.
8. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി പി.കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി,
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി. ദീപ. വി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി.എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീ. ബി.ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. എ.റ്റി. ജെയിംസ്, കമ്മീഷണർ, ലാൻഡ് റവന്യൂ.
4. ശ്രീമതി. കല, എൻ.എൽ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീമതി. കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. ബി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

I. 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരമുള്ള നിഗമനങ്ങളിലെത്തുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് നിലവിൽ വരുന്നതിനു മുൻപ് നികത്തിയ ഭൂമിക്ക് ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കുന്നതിനുള്ള 3 എ വകുപ്പ് ഭരണഘടനാ വിരുദ്ധമായതിനാൽ വകുപ്പ് ഒഴിവാക്കുന്നതിനുള്ള ഭേദഗതിയാണിതെന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു. 3 എ വകുപ്പ് പ്രാബല്യത്തിലായതിനെത്തുടർന്ന് 56 കേസുകളിൽ ന്യായവിലയുടെ 25 ശതമാനം തുക ഈടാക്കി ക്രമവൽക്കരിച്ചു നൽകിയിട്ടുണ്ടെന്നും എന്നാൽ 3 എ വകുപ്പ് നീക്കം ചെയ്യുന്നതോടെ ആയതിനായി 500 രൂപ ഫീസടച്ച് അപേക്ഷ സമർപ്പിച്ചവർക്ക് ക്രമവൽക്കരിച്ച് നൽകുന്നില്ലെന്നും അവരിൽ നിന്ന് വാങ്ങിയ 500 രൂപ തിരികെ നൽകേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കരഭൂമിയായി ഉപയോഗിച്ചിരുന്ന സ്ഥലത്ത് വീട് വയ്ക്കുന്നത് പരിശോധിക്കുന്നതിന് പഞ്ചായത്തുകളിൽ രൂപീകരിച്ചിരുന്ന കമ്മിറ്റികൾക്ക് ഉണ്ടായിരുന്ന അധികാരം ഹൈക്കോടതി വിധിയെ തുടർന്ന് ജില്ലാ കളക്ടർക്ക് കൈമാറിയതായും, 19-4-2016 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിനെ തുടർന്ന് ഈ വിഷയത്തിൽ കേസ് നിലനിൽക്കുകയാണെന്നും സമിതി നിരീക്ഷിച്ചു. നികത്തിയ ഭൂമിയിൽ വീട് വയ്ക്കുന്നതുമായി ബന്ധപ്പെട്ട് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ പശ്ചാത്തലത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് നിയമവകുപ്പിന്റെ ഉപദേശം തേടാതെ പുറപ്പെടുവിക്കുന്ന സർക്കുലറുകൾക്ക് നിയമസാധുതയില്ലെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത സർക്കുലറുകൾനിമിത്തം പല സ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും അത് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി. ഇത്തരത്തിലുള്ള സർക്കുലറുകൾ പുനഃപരിശോധിക്കണമെന്ന് തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

കേന്ദ്ര സർക്കാരിന്റെ എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റ് അനുസരിച്ചുള്ള കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ, 3 എ വകുപ്പ് പ്രകാരം റദ്ദാക്കാൻ പറ്റില്ലെന്നും പ്രസ്തുത ഓർഡർ പ്രകാരം നിലം നികത്തുന്നതിന് തടസ്സമില്ലെന്നും തുടർച്ചയായി 3 വർഷം കൃഷി

ചെയ്യുന്ന വിള മാറ്റി മറ്റ് വിളകൾ കൃഷി ചെയ്യുന്നതിന് കളക്ടറുടെ ഉത്തരവ് മാത്രം മതിയെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചു. രണ്ട് വർഷം നെൽകൃഷി ചെയ്യാതാണെങ്കിൽ വയൽ ഭൂമിയും രൂപാന്തരപ്പെടുത്താമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. 50 വർഷം മുൻപ് നികത്തിയ ഭൂമിയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രശ്നങ്ങളുണ്ടാകുന്നത് ഡാറ്റാ ബാങ്ക് തയ്യാറാക്കിയതിലെ അപാകതകൾമൂലമാണെന്നും കൃഷി ഭൂമി നിലനിർത്തിക്കൊണ്ട് അത് തിരുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്വന്തമായി വേറെ ഭൂമിയില്ലാത്തവർക്ക് പഞ്ചായത്ത്, മുനിസിപ്പൽ പ്രദേശങ്ങളിൽ യഥാക്രമം 10 സെന്റ്, 5 സെന്റ് വയൽ ഭൂമി നികത്തി വീട് വയ്ക്കുന്നതിന് 3 എ വകുപ്പ് നീക്കം ചെയ്യുന്നത് തടസ്സമാകില്ലെന്നും 2008-ലെ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് നികത്തിയ ഭൂമി റെഗുലറൈസ് ചെയ്യേണ്ട ആവശ്യമില്ലായെന്നും 3 എ വകുപ്പ് പിൻവലിക്കുന്നത്, 2008-ന് മുൻപ് നികത്തിയ ഭൂമിയിലെ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നില്ലായെന്നും സമിതി വിലയിരുത്തി. 2008-ന് മുൻപ് നികത്തിയ ഭൂമിയുടെ പ്രശ്നം പരിഹരിക്കുന്നതും തദ്ദേശസ്വയംഭരണവകുപ്പിന്റെ സർക്കുലറുകളിൽ മാറ്റം വരുത്തുന്നതും പരിശോധിച്ച് തീരുമാനിക്കാമെന്ന് ചെയർമാൻ അറിയിച്ചു. തുടർന്ന് 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

3-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

"3. ഒഴിവാക്കൽ.-പ്രധാന ആക്റ്റിലെ 3 എ വകുപ്പ് വിട്ടുകളഞ്ഞിരുന്നാൽ തന്നെയും പ്രധാന ആക്റ്റിൻ കീഴിൽ നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയുടെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമായി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ള സംഗതിയിൽ, അപ്രകാരമുള്ള ക്രമവൽക്കരണം സാധുവായിരിക്കുന്നതും അപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ചുമതലയെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടിയെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നിയമനടപടിയോ പരിഹാരമോ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നു എന്ന രീതിയിൽ ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പിലാക്കുകയോ ചെയ്യാവുന്നതാണ്."

സർവ്വശ്രീ പി. ബി. അബ്ദുൽ റസ്സാക്ക്, അടൂർ പ്രകാശ്, എം. ഉമ്മർ എന്നീ അംഗങ്ങൾ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

II. സമിതിയുടെ സാധൂകരണത്തിനായി സർക്കാർ സമർപ്പിച്ച താഴെപ്പറയുന്ന എസ്.ആർ.ഒ.-കൾ സമിതിയുടെ മുൻകൂർ അനുമതി കൂടാതെ പുറപ്പെടുവിച്ച സാഹചര്യം വിശദമാക്കുന്ന കുറിപ്പ് സമിതി അംഗീകരിക്കുകയും ചർച്ച ചെയ്തശേഷം ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

1. ദി കേരള കൺസർവേഷൻ ഓഫ് പാഡി ലാൻഡ് ആൻഡ് വെറ്റ് ലാൻഡ് (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് റിക്ലമേഷൻ ) റൂൾസ്, 2015 (എസ്.ആർ.ഒ. നമ്പർ 811/2015)

(ഫയൽ നമ്പർ 5257/സബ്സിബി1/2015/നി.സെ.)

(സർക്കാർ കത്ത് നമ്പർ 21484/എ1/2016/റവന്യൂ തീയതി 17-5-16)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്ത വയൽ ഭൂമി ക്രമവൽക്കരിക്കാൻ വ്യവസ്ഥ ചെയ്യുന്ന 3 എ വകുപ്പ് ആക്റ്റിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് അപ്രകാരമുള്ള ക്രമവൽക്കരണത്തിന് കളക്ടർമാരെ അധികാരപ്പെടുത്തുന്നതിനാണ് റവന്യൂ വകുപ്പ് പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിച്ചതെന്ന് സമിതി നിരീക്ഷിച്ചു.

2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ മുഖേന 3 എ വകുപ്പ് വിട്ടുകളയുന്നതിനുള്ള ഭേദഗതി കൊണ്ടുവന്നതിനെത്തുടർന്ന് എസ്.ആർ.ഒ.-യുടെ പ്രസക്തി നഷ്ടപ്പെട്ടതിനാൽ ആയത് പരിഗണിക്കേണ്ടതില്ലായെന്ന് സമിതി തീരുമാനിച്ചു.

2. ദി റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആൻഡ് ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് (കേരള) റൂൾസ്, 2015.
(എസ്.ആർ.ഒ. നമ്പർ 628/2015)

(ഫയൽ നമ്പർ 353/സബ്സിബി1/2016/നി.സെ.)

(സർക്കാർ കത്ത് നമ്പർ 36253/ബി1/14/റവ. തീയതി 18-12-2015)

ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത എസ്.ആർ.ഒ.-യിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ കൊച്ചി മെട്രോ, ദേശീയപാത, വിഴിഞ്ഞം പദ്ധതി, ബൈപ്പാസ് റോഡുകൾ എന്നിവയുടെ സ്ഥലം ഏറ്റെടുക്കലിനെ ബാധിക്കുന്നത് സംബന്ധിച്ച് സമിതി ചർച്ച ചെയ്തു.

പുതിയ ആക്ട് പ്രകാരം സംസ്ഥാനത്ത് ഇതുവരെ ഭൂമി ഏറ്റെടുക്കൽ നടന്നിട്ടില്ലെന്നും ദേശീയപാതയുടെയും ബൈപ്പാസ് റോഡുകളുടേയും കാര്യത്തിൽ നെഗോഷ്യേറ്റഡ് പർച്ചേസാണ് നടക്കുന്നതെന്നും സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് കോമ്പൻസേഷൻ പോളിസി പ്രകാരം നിർദ്ദിഷ്ട ആക്ട് പ്രകാരമുള്ള കോമ്പൻസേഷൻ നൽകി ആളുകളുടെ സമ്മതത്തോടെ ഭൂമി ഏറ്റെടുക്കുന്ന രീതിയാണ് നിലവിലുള്ളതെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആളുകൾ ഭൂമി ഏറ്റെടുക്കാൻ വിസമ്മതിക്കുന്നപക്ഷം നിയമം ഉപയോഗിക്കേണ്ടിവരുമെന്നും ആയതിലേക്കാണ് പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും റൂൾ പ്രകാരമുള്ള സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്ര സർക്കാർ ആക്ടിലെ 10 (എ) വകുപ്പ് എടുത്തുകളഞ്ഞതിനാൽ ചട്ടങ്ങളിലെ 10 (എ) വകുപ്പ് ഒഴിവാക്കണമെന്ന് നിയമവകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. ചട്ടങ്ങളെ സംബന്ധിച്ച് വ്യക്തത ആവശ്യമുള്ളതിനാൽ ചട്ടങ്ങൾ നിയമവകുപ്പ് വിശദമായി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത എസ്.ആർ.ഒ.-യുടെ പരിഗണന മാറ്റിവയ്ക്കാൻ സമിതി തീരുമാനിച്ചു.

III. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) 2012-13 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3064/സബ്സിബി1/12/നി.സെ.)

(സർക്കാർ കത്ത് നമ്പർ 54490/കെ1/2012/ഡി.എം.ഡി തീയതി 3-10-2016 )

(ഖണ്ഡികകൾ 12,13)

(2) 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3162/സബ്സിബി1/2014/നി.സെ.)

(സർക്കാർ കത്ത് നമ്പർ 49490/റ്റി2/2014/ആർ.ഡി. തീയതി 25-1-2016)

(ഖണ്ഡിക 2)

സമിതി വൈകുന്നേരം 5.30-ന് യോഗം പിരിഞ്ഞു.

## 2017 ജനുവരി 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II, 2017 ജനുവരി 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 5 ഡി സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി.കെ. ഹരീന്ദ്രൻ, എം.എൽ.എ
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി പി.കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. പി.ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ദീപ.വി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീ. കെ. രാമചന്ദ്രൻ, സെക്രട്ടറി, ലാൻഡ് ബോർഡ്.

ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനും ഈ മേഖലയുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉപയുക്തമായ മാർഗ്ഗങ്ങൾ സംബന്ധിച്ച് സമിതി റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ലാൻഡ് ബോർഡുകളുടെയും ലാൻഡ് ട്രൈബ്യൂണലുകളുടെയും അപ്പലേറ്റ് അതോറിറ്റിയുടെയും പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയമാണ് യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നതെന്ന് ബഹു. സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു. ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമവും സമയബന്ധിതവും ആക്കുകയെന്ന ഉദ്ദേശ്യത്തോടെ 17-1-2017-ന് 29 സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധികച്ചുമതല നൽകുകയും 2014 നവംബറിൽ കാലാവധി അവസാനിച്ച ലാൻഡ് ബോർഡുകൾ 3-1-2017-ന് പുനഃസംഘടിപ്പിക്കുകയും ചെയ്തുവെങ്കിലും പല സ്ഥലങ്ങളിലും ജോലിയിൽ പുരോഗതി ഇല്ലായെന്ന് ബഹു. ചെയർമാൻ വ്യക്തമാക്കി.

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്ക് നിലവിൽ വന്നുവെങ്കിലും, താലൂക്ക് ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള കേസുകളുടെ വിവരം സംബന്ധിച്ച് റവന്യൂ വകുപ്പ് ലഭ്യമാക്കിയ പട്ടികയിൽ കാട്ടാക്കട താലൂക്കിന്റെ പേര് പരാമർശിക്കാതെ തിരുവനന്തപുരം, ചിറയിൻകീഴ്, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ നാല് താലൂക്കുകളുടെ പേര് മാത്രം പരാമർശിച്ചിരിക്കുന്നതിന്റെ കാരണം ആരാഞ്ഞതിന്, താലൂക്ക് ലാന്റ് ബോർഡുകളുടെ പുന:സംഘടന സംബന്ധിച്ച നോട്ടിഫിക്കേഷൻ വരാനിരിക്കുന്നതേയുള്ളൂ എന്നും പുതുതായി രൂപീകരിച്ച താലൂക്ക് ലാൻഡ് ബോർഡുകളിലേയ്ക്ക് അതാത് താലൂക്കുകളിലെ കേസുകൾ വിഭജിച്ച് നൽകുന്നത് സംബന്ധിച്ച ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതുവരെ മുൻപുണ്ടായിരുന്ന അധികാരപരിധിക്കനുസൃതമായി താലൂക്ക് ലാൻഡ് ബോർഡുകൾക്ക്, കേസുകൾ തുടരാവുന്നതാണെന്ന് റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. പുതുതായി നിലവിൽ വന്ന താലൂക്കുകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ തീർപ്പാക്കുവാനുള്ള കേസുകൾ, താലൂക്ക് ലാൻഡ് ബോർഡുകൾ പുനഃസംഘടിപ്പിക്കപ്പെട്ടതോടെ അതാത് ലാൻഡ് ബോർഡുകളിലേയ്ക്ക് വിഭജിച്ച് നൽകുന്നത് സംബന്ധിച്ച് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചതായും ഉത്തരവ് ലഭിച്ചാൽ നിലവിലുള്ള താലൂക്ക് ലാന്റ് ബോർഡുകളിൽ പെൻഡിംഗ് ആയിട്ടുള്ള കേസ്സുകൾ താലൂക്ക് അടിസ്ഥാനത്തിൽ അതത് സ്ഥലങ്ങളിലേക്ക് മാറ്റി പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതാണെന്നും ലാൻഡ് ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് പഞ്ചായത്തിലെ പട്ടയം ലഭിക്കാനുള്ള 273 കണ്ട് കൃഷി അപേക്ഷകൾ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പ്രസ്തുത അപേക്ഷകൾ തഹസീൽദാരുടെ പക്കലാണെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു തഹസീൽദാരുടെ സഹായത്തോടെ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) ആണ് പ്രസ്തുത അപേക്ഷകളിന്മേൽ തീർപ്പ് കൽപിക്കേണ്ടതെന്ന് അദ്ദേഹം വ്യക്തമാക്കി

ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകൾ സംബന്ധിച്ച് റവന്യൂവകുപ്പ് ലഭ്യമാക്കിയ പട്ടിക പരിശോധിച്ച സമിതി, കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം സംബന്ധിച്ച് റവന്യൂവകുപ്പ് ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞു.

പട്ടയം ലഭിക്കുന്നതിന് കുടിയായ്മ തെളിയിക്കണമെന്നും 1-1-1964-ന് മുൻപ് മേജറായ ആളുകളാണ് കുടിയായ്മ തെളിയിക്കുന്നതിന് സാക്ഷികളായി നിൽക്കേണ്ടതെന്നും നിരീക്ഷിച്ച സമിതി, 1-1-1964-ന് മുൻപ് മേജറായ ഭൂരിഭാഗം ആളുകളും ജീവിച്ചിരിപ്പില്ലാത്തതിനാൽ ഇത്തരത്തിലുള്ള കേസുകളിൽ തെളിവുകൊടുക്കാൻ ആളുകളില്ലായെന്നും സാക്ഷികളില്ലാത്തതിനാൽ

പല സ്ഥലങ്ങളിലും ധാരാളം കേസുകൾ ഇപ്രകാരം തീർപ്പാക്കാൻ സാധിക്കാതെ അവശേഷിക്കുന്നതായും സമിതി വിലയിരുത്തി. റവന്യൂ ഇൻസ്പെക്ടർക്കും വില്ലേജ് ഓഫീസർക്കും ലോക്കൽ എൻക്വയറി നടത്തി ഇത്തരം കേസുകൾ തീർപ്പാക്കാവുന്നതേയുള്ളുവെന്നും സാക്ഷികളുടെ സ്റ്റേറ്റ്മെന്റ് വേണമെന്നില്ലായെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. 1964-ന് മുൻപുള്ള കൈച്ചീട്ടോ മറ്റെന്തെങ്കിലും രേഖയോ അപേക്ഷകരുടെ കൈവശമുണ്ടെങ്കിൽ ആ വസ്തുത രേഖപ്പെടുത്തിയാൽ മതിയാകും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ പല സ്ഥലങ്ങളിലും റവന്യൂ ഇൻസ്പെക്ടർമാർ പരിശോധനയ്ക്ക് പോകുമ്പോൾ സാക്ഷികൾ ജീവിച്ചിരിപ്പില്ല എന്ന് റിപ്പോർട്ട് എഴുതി മടങ്ങുകയാണ് പതിവെന്നും പല കേസുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ അഭിഭാഷകരോ ഇല്ലായെന്ന കാരണത്താൽ തീർപ്പാകാതെ അവശേഷിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു. കൂടാതെ വർഷങ്ങളായി കൈവശത്തിലുള്ള ഭൂമിക്ക് പട്ടയമല്ലാത്ത വ്യക്തമായ രേഖകളുണ്ടെന്ന് അവകാശപ്പെടുന്ന കേസുകളും തീർപ്പാകാതെ അവശേഷിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കി.

പട്ടയം ലഭിച്ചാൽ മാത്രമേ അബ്സല്യൂട്ട് ഓണർഷിപ്പിന് ഗ്യാരന്റി കണക്കാക്കി ബാങ്കുകൾ വായ്പ ലഭ്യമാക്കുകയുള്ളു എന്നത് ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന പ്രതിസന്ധികളിൽ ഒന്നാണെന്ന് സമിതി വിലയിരുത്തി. മലപ്പുറം ജില്ലയിലെ മഞ്ചേരി താലൂക്കിലെ രണ്ട് വില്ലേജുകളിൽ മാത്രം പട്ടയത്തിനായുള്ള അയ്യായിരത്തോളം കേസുകൾ തീർപ്പാക്കാനുണ്ടെന്ന് മനസ്സിലാക്കിയ സമിതി, പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ എന്താണ് മാർഗ്ഗമെന്ന് ആരാഞ്ഞു.

കെ.എൽ.ആർ. ആക്ടുമായി ബന്ധപ്പെട്ട മിച്ചഭൂമി പട്ടയത്തെക്കുറിച്ച് ചർച്ച ചെയ്യവേ തഹസീൽദാർ റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് ട്രൈബ്യൂണലായി നിയമിക്കാറുള്ളതെന്നും നിരവധി നിയമപ്രശ്നങ്ങൾ ഉയർന്നുവരുന്ന വിഷയമായതിനാൽത്തന്നെ കോടതി നടപടിക്രമങ്ങളോ നിയമവശങ്ങളോ സംബന്ധിച്ച് കാര്യമായ അവഗാഹമില്ലാത്ത ഉദ്യോഗസ്ഥർക്ക് ഇത്തരം വിഷയങ്ങൾ ഫലപ്രദവും സമയബന്ധിതവുമായി കൈകാര്യം ചെയ്യാൻ സാധിക്കാതെ വരുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. ആയതിനാൽ പല ഉദ്യോഗസ്ഥരും സ്ഥലംമാറ്റം വാങ്ങിപ്പോകുകയാണ് പതിവെന്നും മേൽ സാഹചര്യത്തിൽ, രണ്ട് വർഷമെങ്കിലും സർവ്വീസ് കാലാവധി അവശേഷിക്കുന്ന തഹസീൽദാർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നൽകി ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും ഒരിടത്തുതന്നെ ജോലിചെയ്യത്തക്കവിധത്തിൽ നിയമനം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അദ്ദേഹം വിശദീകരിച്ചു. ഇത്തരത്തിൽ തീരുമാനമെടുത്തതിനെത്തുടർന്ന്

ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 29 സ്പെഷ്യൽ തഹസീൽദാർമാർക്ക് പരിശീലനം നൽകി ലാൻഡ് ട്രൈബ്യൂണലുകളുടെ അധികച്ചുമതല നൽകി 17-1-2017-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അദ്ദേഹം സമിതിയെ അറിയിച്ചു.

ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഭരണപരമായി സ്വീകരിക്കേണ്ടുന്ന നടപടികൾ സമിതി ചർച്ച ചെയ്തു. 29 സ്പെഷ്യൽ തഹസീൽദാർ തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയതുവഴി രണ്ട് വർഷക്കാലയളവിൽ ഓരോ മാസവും എത്ര സിറ്റിംഗ് നടത്തുന്നുണ്ടെന്നും എത്ര കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ടെന്നും പരിശോധിക്കുവാനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നതെന്നും, തസ്തികകൾ നഷ്ടപ്പെടുമെന്ന കാരണത്താലാണ് പല സ്ഥലങ്ങളിലും ജോലി നീട്ടിക്കൊണ്ടുപോകുന്നതെന്നും കൃത്യമായി ജോലി ചെയ്താൽ രണ്ട് വർഷത്തിനുള്ളിൽ കേസുകൾ തീർപ്പാക്കാൻ സാധിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുവാൻ ഗവൺമെന്റ് ശക്തമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്നും അദ്ദേഹം സമിതിയെ അറിയിച്ചു

ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകണമെന്ന സമിതി നിർദ്ദേശത്തിന്മേൽ, ട്രൈബ്യൂണലുകളിൽ പുതുതായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം.)-ൽ നടത്തുന്ന പരിശീലന പരിപാടിയിൽ ലാൻഡ് ബോർഡ് സെക്രട്ടറി തന്നെ പരിശീലനം നൽകുവാനുള്ള തീരുമാനമെടുക്കുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. നിയമപരമായ കാര്യങ്ങൾ നിർവ്വഹിക്കേണ്ടുന്ന തസ്തികകളിൽ നിയമബിരുദം ഉള്ള ഉദ്യോഗസ്ഥരെ പോസ്റ്റ് ചെയ്യുകയാണെങ്കിൽ അവർക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുമെന്ന് ലാൻഡ് ബോർഡ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ലാൻഡ് ട്രൈബ്യൂണലുകളിൽ 92000 പട്ടയ അപേക്ഷകളാണ് തീർപ്പ് കൽപിക്കാനുള്ളതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു ഒരു വർഷം 1000-നും 1500-നും ഇടയ്ക്ക് കേസുകൾ തീർപ്പു കൽപ്പിച്ചിരുന്ന സ്ഥാനത്ത് കഴിഞ്ഞ മൂന്ന് മാസം കൊണ്ട് 4000 കേസുകൾ തീർപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കി. പെൻഡൻസി കുറയ്ക്കുന്നതിന് 14 ജില്ലകളിലും സിറ്റിംഗ് നടത്തി കളക്ടർമാരും മറ്റ് ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തി നടപടികൾ സ്വീകരിച്ചതോടെയാണ് കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ സാധിച്ചതെന്ന് സമിതി നിരീക്ഷിച്ചു ലാൻഡ് ബോർഡ് സെക്രട്ടറിയുടെയും അസിസ്റ്റന്റ് സെക്രട്ടറിയുടെയും ഓഫീസുകൾ പ്രവർത്തിക്കുന്നത്

തിരുവനന്തപുരത്തായതിനാൽ പരിശോധനയ്ക്കായി എല്ലാ സ്ഥലങ്ങളിലും അവർ പോകുന്നത് പ്രായോഗികമല്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ, ട്രൈബ്യൂണലുകളുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) ട്രൈബ്യൂണലുകളിൽ ഇടയ്ക്കിടെ പരിശോധന നടത്തുകയും അതത് ജില്ലാ കളക്ടർ അവലോകനയോഗം വിളിച്ചുകൂട്ടി കാര്യങ്ങൾ വിലയിരുത്തുകയും ചെയ്യണമെന്നും ഇത് നിരീക്ഷിക്കുന്നതിന് ആവശ്യമെങ്കിൽ ഐ.ടി. സിസ്റ്റം ഏർപ്പെടുത്തണമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. ഈ സംവിധാനം പ്രായോഗികമാകണമെങ്കിൽ ട്രൈബ്യൂണലുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർമാരെ തൽസ്ഥാനത്തുനിന്നും ട്രാൻസ്ഫർ ചെയ്യാതിരിക്കാൻ ശ്രമിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പട്ടയ അപേക്ഷകൾ തീർപ്പാക്കുന്ന ജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പ് മുഖേന കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ലാൻഡ് ബോർഡ് സെക്രട്ടറി അറിയിച്ചു. ലാൻഡ് ബോർഡ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ 3 ജില്ലകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ ലാൻഡ് ബോർഡിൽ നിന്നും 50-ലധികം ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും നടപടി സ്വീകരിക്കാത്ത കേസുകളുണ്ടെന്നും ഭൂമി ഏറ്റെടുക്കാൻ ഹൈക്കോടതി ഉത്തരവുള്ള കേസുകൾപോലും വ്യവസ്ഥകൾക്ക് വിരുദ്ധമായി മുൻസിഫ് കോടതിയിലേക്കും സബ് കോടതിയിലേക്കും അയച്ചിരിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്നതുകൊണ്ടാണ് കേസുകൾ നീണ്ടുപോകുന്നതെന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ ഒരു കേസിൽ ക്രമക്കേട് കാണിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ പോലുള്ള നടപടികൾ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള കൃത്യവിലോപത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുള്ള അച്ചടക്കനടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ലാൻഡ് റിഫോംസുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മറ്റ് ജോലികൾക്കായി വിനിയോഗിക്കുന്നു എന്ന ലാൻഡ് ബോർഡ് സെക്രട്ടറിയുടെ പരാതി ബഹു. വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ പ്രിൻസിപ്പൽ സെക്രട്ടറി ലാൻഡ് ബോർഡ് സെക്രട്ടറിയോടാവശ്യപ്പെട്ടു.

ലാന്റ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ എന്നിവ മുൻപാകെ കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ സമിതി ചെയർമാൻ വിശദീകരിച്ചു. കേസുകൾ തീർപ്പാക്കുന്നതിൽ ഒരു വർഷം കൊണ്ട് പുരോഗതി

കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബഹു. ചെയർമാൻ വ്യക്തമാക്കി. ഇതിനായി ഏർപ്പെടുത്തിയ സംവിധാനത്തിൽ കൂടുതൽ മാറ്റങ്ങൾ ആവശ്യമാണെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ ആലോചിച്ച് ചെയ്യാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ സർക്കാർഭൂമി കൈമാറുന്ന കാര്യത്തിൽ കാലതാമസമുണ്ടാകുന്നതുകൊണ്ട് ഫണ്ട് ലാപ്സായിപ്പോകുന്നതായി സമിതി നിരീക്ഷിച്ചു. പാകിസ്ഥാനിലേക്ക് പോയവരുടെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന്റെ സാദ്ധ്യത ആരാഞ്ഞ സമിതി, 1965-ൽ ഇൻഡ്യയും പാകിസ്ഥാനും തമ്മിൽ നടന്ന യുദ്ധത്തിനുശേഷം എനിമി പ്രോപ്പർട്ടി (ഇവാക്വി പ്രോപ്പർട്ടി) എന്നറിയപ്പെടുന്ന പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോയെന്നും ആരാഞ്ഞു. കേന്ദ്ര സർക്കാർ ഇവാക്വി പ്രോപ്പർട്ടി ആക്ട് റിപ്പീൽ ചെയ്ത് അതിൽ തീരുമാനമെടുക്കാനുള്ള അവകാശം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 2005-ൽ ഇവാക്വി പ്രോപ്പർട്ടി ആക്ട് റിപ്പീൽ ചെയ്തുവെങ്കിലും സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ കേസുകളിൽ ടി ആക്ട് റിപ്പീൽ ചെയ്യുന്നതിനു മുൻപ് ക്ലെയിമുകൾ എങ്ങനെയാണോ സെറ്റിൽ ചെയ്തിരുന്നത് അതേ വ്യവസ്ഥകൾ വച്ചുതന്നെ ക്ലെയിമുകൾ സെറ്റിൽ ചെയ്യുവാൻ സംസ്ഥാന സർക്കാരിന് അനുവാദം നൽകിയിട്ടുണ്ടെന്ന് ലാൻഡ് ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 59 ഇവാക്വി പ്രോപ്പർട്ടികളുണ്ടെന്ന് മനസ്സിലാക്കിയ സമിതി ഈ പ്രോപ്പർട്ടികൾക്ക് അവകാശികൾ ഇല്ലാത്തപക്ഷം ഭൂമി സർക്കാർ ഏറ്റെടുത്ത് പൊതുആവശ്യങ്ങൾക്കായി ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു. സമിതി നിർദ്ദേശം പാലിക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പുനൽകി. ഇത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്കയച്ച കത്തിന് മറുപടി ലഭിച്ചിരുന്നുവെന്നും ഇതിൽ ഒരു വിശദീകരണംകൂടി നൽകാമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. പ്രസ്തുത വിശദീകരണംകൂടി ലഭ്യമായതിനുശേഷം ഇവാക്വി പ്രോപ്പർട്ടി സംബന്ധിച്ച ക്ലെയിമുകളിൽ തീർപ്പ് കൽപ്പിക്കുവാനായി ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

'ഭൂരഹിതരില്ലാത്ത കേരളം', 'പുഴ മുതൽ പുഴ വരെ' റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ 'ഇ-ഡിസ്ട്രിക്ട്' തുടങ്ങിയ റവന്യൂ വകുപ്പിന്റെ വിവിധ പദ്ധതികളുടെ നടത്തിപ്പിലുള്ള പുരോഗതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്;

'പുഴ മുതൽ പുഴ വരെ' ടൂറിസം പദ്ധതിയുടെ കീഴിൽ വരുന്നതാണെന്നും, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട 'ഇ-ഡിസ്ട്രിക്ട്' പദ്ധതി നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ടെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 23-1-2017-ന് ഒറ്റ ദിവസം കൊണ്ട് 22885 സർട്ടിഫിക്കറ്റുകളാണ് 'ഇ-ഡിസ്ട്രിക്ട്' മുഖേന നൽകിയിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

വേനലിന്റെ കാഠിന്യം നിമിത്തം പുഴകൾ വറ്റുന്നത് സംബന്ധിച്ച് സമിതി ആശങ്ക പ്രകടിപ്പിച്ചു. ഇനി വരുന്ന മൂന്ന്-നാല് മാസങ്ങൾ സംസ്ഥാനത്ത് കടുത്ത വരൾച്ച അനുഭവപ്പെടുമെന്നാണ് റിപ്പോർട്ടുകളെന്ന് പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞു. എറണാകുളം ജില്ലയിൽ പെരിയാറിൽ നിന്നും വാട്ടർ അതോറിറ്റി വെള്ളമെടുക്കുന്ന സ്ഥലങ്ങളിലുള്ള തടയണകളുടെ ഉയരം കൂട്ടിയാൽ കുറച്ചുകൂടി വെള്ളം തടഞ്ഞു നിർത്താമെന്ന പ്രൊപ്പോസൽ വന്നിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു. ഡാം സൈറ്റുകൾ പരിശോധിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ഡാം സൈറ്റുകളുടെ ഓരോ ദിവസത്തെയും കണക്കുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ സമിതിക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി, യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ എന്നിവിടങ്ങളിലെ കേസുകളുടെ കുടിശ്ശിക സംബന്ധിച്ചുള്ള വിവരങ്ങൾ, ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന പരിശീലനത്തിന്റെയും അതിന്റെ മോണിറ്ററിംഗ് സംവിധാനത്തിന്റെയും വിവരങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഉടൻ ലഭ്യമാക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പുനൽകി.

സമിതി ഉച്ചയ്ക്കുശേഷം 12.20-ന് യോഗം പിരിഞ്ഞു.

<u>2017 മാർച്ച് 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 മാർച്ച് 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ

അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അട്ടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
4. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
5. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
6. ശ്രീ. കെ. രാജൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീ.പി. ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. എ. റ്റി. ജെയിംസ്, കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
3. ശ്രീമതി ഡി.കൃഷ്ണപ്രിയ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. കെ. രാമചന്ദ്രൻ, സെക്രട്ടറി, സ്റ്റേറ്റ് ലാന്റ് ബോർഡ്
5. ശ്രീ. പി. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, റവന്യൂവും ദേവസ്വവും വകുപ്പ്.
6. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ വകുപ്പ്.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥന നം.VI, XXVI എന്നിവ സംബന്ധിച്ച് സമിതി സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ പരിശോധിക്കവെ പ്രസ്തുത പദ്ധതി നടത്തിപ്പിനായി 15 കോടി രൂപ റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിരുന്നതായും എന്നാൽ ബഡ്ജറ്റിൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നും 10 കോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയതെന്നും ലാന്റ് റവന്യൂ കമ്മീഷണർ സമിതി മുമ്പാകെ ബോധിപ്പിച്ചു .

സ്മാർട്ട് റവന്യൂ ഓഫീസുകൾ പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സമിതി ആരാഞ്ഞു. ഏഴ് വില്ലേജ് ഓഫീസുകളാണ് കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും അവ പ്രീ ഫാബ്രിക്കേറ്റഡ് സ്ട്രക്ചറിൽ ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും പിന്നീട് അത് വേണ്ടെന്ന് തീരുമാനിക്കുകയും നിർമ്മിതി കേന്ദ്രങ്ങളെ ഏല്പിക്കുകയും ചെയ്തെന്നും അവയുടെ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുകയും 25% തുക കൈമാറുകയും ചെയ്തതായും ആകെ 33 വില്ലേജുകളിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ യോഗങ്ങളിൽ പരാമർശിച്ചിരുന്ന ചില വില്ലേജ് ഓഫീസുകൾ പദ്ധതിയിൽ ഉൾപ്പെടാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞു. സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടന്നതെന്നും ഒന്നാം ഘട്ടത്തിൽ 14 വില്ലേജുകളും രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയ 11 വില്ലേജുകളിൽ കണ്ണൂരിലെ തൃപ്പംകോട്ടൂർ വില്ലേജ് ഒഴിച്ച് ബാക്കിയെല്ലാം പൂർത്തിയായതായും മൂന്നാംഘട്ടത്തിൽ ഏഴ് വില്ലേജുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് എന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി യോഗങ്ങളിൽ പരാമർശിച്ചിരുന്ന പീച്ചി-പാണഞ്ചേരി വില്ലേജ് സ്മാർട്ട് വില്ലേജിൽ ഉൾപ്പെട്ടതല്ലെന്നും ലാന്റ് റവന്യൂ കമ്മീഷണർ ബോധിപ്പിച്ചു.

സ്മാർട്ട് റവന്യൂ ഓഫീസുകൾ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ ഏഴ് വില്ലേജുകൾ തെരഞ്ഞെടുത്തത് കഴിഞ്ഞവർഷം ജൂൺ മാസത്തിലാണെന്നും സമിതി റിപ്പോർട്ട് തയ്യാറാക്കിയത് അതിനുശേഷമായതിനാലാണ് പീച്ചി-പാണഞ്ചേരി വില്ലേജ് സ്മാർട്ട് വില്ലേജിൽ ഉൾപ്പെടുത്താൻ കഴിയാതെപോയതെന്നും സമിതി വിലയിരുത്തി.

കഴിഞ്ഞ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏഴ് വില്ലേജുകൾ എങ്ങനെയാണ് തെരഞ്ഞെടുത്തതെന്ന് സമിതി ആരാഞ്ഞു. വില്ലേജുകൾ തെരഞ്ഞെടുത്തത് സർക്കാർ തീരുമാനപ്രകാരമാണെന്നും മിനിമം 10 സെന്റ് വീതം സ്ഥലം ലഭ്യമായിട്ടുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുമായിട്ടുള്ളവയ്ക്ക് പ്രാമുഖ്യം കൊടുക്കുകയാണ് ചെയ്യുന്നതെന്നും ഏഴ് വില്ലേജുകൾക്കുള്ള തുക മാത്രമേ ലഭ്യമായിരുന്നുള്ളുവെന്നും കഴിഞ്ഞവർഷം പദ്ധതിക്കായി ലഭിച്ച 6 കോടി രൂപയിൽ 3 കോടി രൂപ സ്പിൽഓവർ വർക്കിന്റെ ബാക്കി നൽകുന്നതിനും 3 കോടി രൂപ പുതിയ പദ്ധതികൾക്കുമാണ് നൽകിയിട്ടുള്ളതെന്നും ഒരു വില്ലേജിന് 40.5 ലക്ഷം രൂപ ചെലവാകുമെന്നും ലാന്റ് റവന്യൂ കമ്മീഷണർ വിശദീകരിച്ചു.

2014-15, 2015-16, 2016-17 വർഷങ്ങളിൽ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിച്ചില്ല എന്ന് സമിതി നിരീക്ഷിച്ച എഗ്രിമെന്റ് വച്ചതുകൊണ്ട് കഴിഞ്ഞ വർഷം ബാക്കിയുള്ള തുക ELAMS-ലേക്ക് മാറ്റി പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കുമെന്നും തുക ആറുമാസം വരെ ഉപയോഗിക്കാൻ സാധിക്കുമെന്നും അതിനുള്ള നടപടി സ്വീകരിച്ചതായും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു

വെള്ളറടയിൽ സ്വന്തം സ്ഥലത്ത് പ്രവർത്തിച്ചിരുന്ന വില്ലേജ് ഓഫീസ് തീയിട്ട് നശിപ്പിച്ചതിനെ തുടർന്ന് പ്രസ്തുത വില്ലേജ് ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പീച്ചി-പാണഞ്ചേരി വില്ലേജുകൾ ബൈഫർക്കേറ്റ് ചെയ്ത് വില്ലേജുകൾ തരംതിരിച്ചപ്പോൾ രേഖകൾ സൂക്ഷിക്കാൻ സാധിക്കാതെ ദ്രവിച്ചുപോയതിനെത്തുടർന്ന് അഞ്ഞൂറോളം സർവ്വെ നമ്പരുകളിലെ ആളുകൾക്ക് പട്ടയം അനുവദിക്കാൻ കഴിയാതെ വന്നുവെന്നും സമിതി മനസ്സിലാക്കി. പ്രസ്തുത വില്ലേജ് ഓഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസുകൾ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സ്മാർട്ട് റവന്യൂ പദ്ധതിക്കായി പ്ലാനിംഗ് ബോർഡുമായി ചർച്ച നടത്തി തീരുമാനിച്ചതിന്റെ നടപ്പുവർഷം അനുവദിച്ച 15 കോടി രൂപയിൽ 5 കോടി രൂപ സ്മാർട്ട് വില്ലേജിനും ബാക്കി 10 കോടി രൂപ പൊതുമരാമത്തിന്റെ ഹെഡ്ഡിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി വിലയിരുത്തി. പദ്ധതി നടത്തിപ്പിനായി പൊതുമരാമ ത്ത് എന്ന ധനാഭ്യർത്ഥനക്കുകീഴിലെ 4059-01-051-60 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 കോടി രൂപ റവന്യൂ വകുപ്പിന്റെ 2029-00-001-98 എന്ന ശീർഷകത്തിലേക്ക് മാറ്റണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

റവന്യൂ വകുപ്പിന് സ്റ്റാഫ് ക്വാർട്ടേഴ്സ് എന്ന ഹെഡ്ഡിൽ 8 കോടി രൂപ അനുവദിച്ചിരുന്നതായും എന്നാൽ ബഡ്ജറ്റിൽ ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥനയ്ക്ക് കീഴിലാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളതെന്നും ഈ വിഷയത്തിൽ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടെന്നും ലാന്റ് റവന്യൂ കമ്മീഷണർ സമിതിയെ അറിയിച്ചു

വയനാട് പോലെയുള്ള വടക്കൻ ജില്ലകളെയാണ് പ്രധാനമായും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതെന്നും പ്ലാനിംഗ് ബോർഡ് മുമ്പാകെ സമർപ്പിച്ച ശേഷമാണ് 8 കോടി രൂപ പദ്ധതിക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചതെന്നും റവന്യൂ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

റവന്യൂ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ചാണ് പ്രസ്തുത തുക ബഡ്ജറ്റിൽ അനുവദിച്ചതെന്നും റവന്യൂ വകുപ്പിന്റെ ഹെഡ്ഡിൽ പണം അനുവദിക്കുകയാണെങ്കിൽ നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പാക്കാൻ വകുപ്പിന് കഴിയുമെന്നും സമിതി വിലയിരുത്തി ആയതിനാൽ പ്രസ്തുത തുകയും ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥനയ്ക്കുകീഴിലെ 4216-01-700-85 എന്ന ശീർഷകത്തിൽ നിന്നും 2029-00-001-98 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വില്ലേജ് ഓഫീസുകളിൽ ടോയ്‌ലെറ്റ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 1500 ലക്ഷം രൂപയും നാല് കളക്ടറേറ്റുകളിൽ കോൺഫറൻസ് ഹാളുകൾ പണിയുന്നതിന് 40 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥനയ്ക്കുകീഴിലെ 2059-01-051-82, 2059-01-051-81, 4059-01-051-61 എന്നീ ശീർഷകങ്ങളിലാണെന്ന് സമിതി വിലയിരുത്തി. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഫലപ്രദമായി വിനിയോഗിക്കുന്നതിലേക്കായി പ്രസ്തുത തുക 'റവന്യൂ വകുപ്പിന്റെ കീഴിലുള്ള പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം' (2029-00-800-77) എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വനഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ട ലാന്റ് അസൈൻമെന്റ് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളിൽ വാഹനമോ, കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്തതിനാൽ പട്ടയവിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നില്ലെന്നും നാല് മാസം കൊണ്ട് തൃശ്ശൂരിലെ ലാന്റ് റവന്യൂ സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽനിന്നും വിതരണം ചെയ്തത് പതിനഞ്ച് പട്ടയങ്ങൾ മാത്രമാണെന്നും സമിതി നിരീക്ഷിച്ചു.

ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ തീരുമാനമനുസരിച്ച് ഇത്തരം ഓഫീസുകൾക്ക് ആവശ്യമായ വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർക്ക് പ്രൊപ്പോസൽ തയ്യാറാക്കി ഫിനാൻസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാവുന്നതാണെന്നും ലാന്റ് ട്രിബ്യൂണൽ ഒരു സർവ്വകാല ഓഫീസ് അല്ലെന്നും അതിനായി പ്രത്യേകം തസ്തിക സൃഷ്ടിക്കേണ്ട ആവശ്യം വരുന്നില്ലെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

ലാന്റ് ട്രിബ്യൂണലുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സർവ്വെയും ഭൂരേഖയും വകുപ്പുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ പരിശോധിക്കവേ വകുപ്പിലെ പഴയ ഏഴ് വാഹനങ്ങൾ കണ്ടംചെയ്യാൻ പി.ഡബ്ല്യൂ.ഡി.യുടെ അൺ ഇക്കണോമിക് സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ളതായും കൂടാതെ നാല് വാഹനങ്ങൾ ഇരുപത് വർഷത്തിൽ കൂടുതൽ

പഴക്കം ചെന്നതും മറ്റ് നാല് വാഹനങ്ങൾ പതിനഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണെന്നും പഴയ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും സർവ്വെയും ഭൂരേഖയും വകുപ്പിലെയും റവന്യൂ വകുപ്പിലെയും സൂപ്പർവൈസറി തസ്തികയിലെ ജീവനക്കാർക്ക് CUG മൊബൈൽ കണക്ഷൻ നൽകുന്നതിനും അധികതുക ആവശ്യപ്പെടുന്നതായി സർവ്വെയും ഭൂരേഖയും വകുപ്പിലെ ഫിനാൻസ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു.

റവന്യൂ വകുപ്പിൽ പുതിയതായി രൂപീകരിച്ച താലൂക്കുകളിലെ തഹസിൽദാർമാർക്ക് വാഹനമോ ടെലിഫോണോ അനുവദിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. പുതിയ താലൂക്കുകളിലെ തഹസിൽദാർമാർക്ക് മൊബൈൽ കണക്ഷൻ കൊടുത്തിട്ടുള്ളതായി റവന്യൂ സെക്രട്ടറി അറിയിച്ചു. എല്ലാവർക്കും പുതിയ പ്ലാനിൽ അഡീഷണൽ കണക്ഷൻ നൽകുന്നതിനായി ബി.എസ്.എൻ.എൽ-ന് പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതായി ഫിനാൻസ് ഓഫീസർ അറിയിച്ചു അധിക തുക അനുവദിക്കാൻ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി സർവ്വെയർമാരെ കാസർഗോഡ് ജില്ലയിലേക്ക് നിയമിച്ചതിനെത്തുടർന്ന് താലൂക്കുകളിലെ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതായി സമിതി നിരീക്ഷിച്ചു. നിയമനത്തിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു.

കാസർഗോഡ് ജില്ലയിൽ എത്രയുംവേഗം സർവ്വെ പൂർത്തിയാക്കേണ്ടതുണ്ടെന്നും കോടതി ഉത്തരവനുസരിച്ച് ഇടുക്കി ജില്ലയിലും സർവ്വെ പൂർത്തിയാക്കേണ്ട അടിയന്തര സാഹചര്യം ഉള്ളതിനാലാണ് ഉദ്യോഗസ്ഥരെ അവിടങ്ങളിൽ നിയമിച്ചതെന്ന് സർവ്വെയും ഭൂരേഖയും വകുപ്പ് ഫിനാൻസ് ഓഫീസർ അറിയിച്ചു. സർവ്വെയർമാരുടെ തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് 2999 സർവ്വെയർമാരുള്ളതിൽ ഡയറക്ടറേറ്റിൽ നിയമിച്ചിട്ടുള്ള കുറച്ചുപേർ കഴിഞ്ഞ് ബാക്കിയുള്ളവർ മുഴുവൻ ജില്ലകളിലാണെന്നും ജില്ലാ കളക്ടർക്ക് അവിടെയുള്ള ആളുകളെ മുഴുവൻ സർവ്വെയർമാരായി ഉപയോഗിക്കുന്നതിന് ഉത്തരവ് കൊടുത്തിട്ടുള്ളതായും റവന്യൂ സെക്രട്ടറി സമിതിയെ അറിയിച്ചു

സർവ്വെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എത്ര ആളുകളെയാണ് കാസർഗോഡ് ജില്ലയിലേക്ക് ഡിപ്ലോയ് ചെയ്തതെന്നും ഓരോ ജില്ലയിലും ഇപ്പോൾ എത്ര സർവ്വെയർമാരുണ്ടെന്നതും സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ഒരു താലൂക്കിൽ ഒരു സർവ്വെയർ മാത്രമാണുള്ളതെന്നും ബാക്കിയുള്ളവർ മാറിമാറി ജോലി ചെയ്യുകയാണെന്നും ഒരാളെ വീതം റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ ഓരോ ജില്ലയിലും നിയമിച്ചിട്ടുണ്ടെന്നും ഓരോ ജില്ലയിലും സാങ്ഷൻഡ് പോസ്റ്റ് അനുസരിച്ചുള്ള ആളുകളെ നിലനിർത്തിയശേഷം പർപ്പസ് അനുസരിച്ച് ആളുകളെ ഉപയോഗിക്കുന്നതിന്

നിർദ്ദേശം കൊടുത്തിരുന്നതായും അതിനുശേഷം കാസർഗോഡ് ജില്ലയിൽ സർവ്വെയ്ക്കുവേണ്ടി വിവിധ ജില്ലകളിൽനിന്നും നൽപ്പതു ശതമാനം പേരെ ആറ് മാസത്തേക്ക് നിയോഗിച്ചതായും റവന്യൂ സെക്രട്ടറി അറിയിച്ചു

കഴിഞ്ഞ ബഡ്ജറ്റിൽ 70 കോടിയിൽപ്പരം രൂപയ്ക്ക് റോഡുകൾ നിർമ്മിച്ചതായും സർവ്വെ പൂർത്തീകരിക്കാൻ സർവ്വെയർമാരില്ലാത്തതിനാൽ ഡി.പി.ആർ. ക്ലിയർ ചെയ്യാനാവുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

കെ. എസ്. ടി. പി പോലെയുള്ള പ്രോജക്ടുകൾക്ക് റിട്ടയർ ചെയ്തവരെയോ പ്രൈവറ്റ് സർവ്വെയർമാരെയോ, ഗവൺമെന്റ് സർവ്വെയർമാരെയോ ഉപയോഗിച്ച് ഫൈനലൈസ് ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ഇതിനുള്ള ചെലവ് അതത് പ്രോജക്ടുകളിൽ വകകൊള്ളിച്ചിട്ടുള്ള തുകയിൽനിന്നും എടുക്കുന്നതാണെന്നും റവന്യൂ സെക്രട്ടറി അറിയിച്ചു

സർവ്വെവകുപ്പ് ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞു. നിലവിൽ തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ടെന്നും കണ്ണൂർ ജില്ലയിൽ പുതിയ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നുണ്ടെന്നും ഫിനാൻസ് ഓഫീസർ അറിയിച്ചു ഇൻസ്റ്റിറ്റ്യൂട്ട്-ന് കെട്ടിടം പണിയുന്നതിന് മുട്ടത്തറയിൽ സ്ഥലം അനുവദിച്ചെങ്കിലും ചില പ്രാദേശിക പ്രശ്നങ്ങൾമൂലം ILDM-ന്റെ സ്ഥലത്താണ് ഇപ്പോൾ കെട്ടിടം പണി ആരംഭിച്ചിട്ടുള്ളതെന്നും റവന്യൂ വകുപ്പ് സെക്രട്ടറി അറിയിച്ചു

ലാന്റ് ബോർഡിനും ദുരന്തനിവാരണ വകുപ്പിനും അധിക തുക ആവശ്യമില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ ബോധിപ്പിച്ചു

കഴിഞ്ഞ വർഷം റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ 9 പാലങ്ങളുടെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞു. ജില്ല മാറി വന്നപ്പോൾ അതത് ജില്ലകളിൽനിന്നും തുക ലഭിക്കാത്ത പ്രശ്നമുള്ളതായും ജില്ലാ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച ശേഷം പ്രസ്തുത കമ്മിറ്റികളുടെ അഭിപ്രായംവാങ്ങി സ്റ്റേറ്റ് ലെവൽ കമ്മിറ്റി തീരുമാനിക്കുമെന്നും ആരംഭിച്ച വർക്കുകൾ നടക്കുന്നുണ്ടെന്നും ആരംഭിക്കാത്ത വർക്കുകളുടെ കാര്യത്തിൽ അതത് ജില്ലകളുടെ അഭിപ്രായം ചോദിക്കാമെന്ന് ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും റവന്യൂ വകുപ്പ് സെക്രട്ടറി അറിയിച്ചു

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് വിവിധ ജില്ലകൾ പരാതി ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ലാതല കമ്മിറ്റികളുടെ അഭിപ്രായംകൂടി ആരാഞ്ഞ് സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സമിതി വിലയിരുത്തി ഫണ്ടിനാവശ്യമായ പണം വിവിധ ജില്ലകളിൽനിന്നും ലഭിക്കുന്നതിന്റെ പ്രശ്നമുള്ളതായി സമിതി നിരീക്ഷിച്ചു.

വനഭൂമി പതിച്ചുനൽകുന്നതിനായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി 1977-ന് മുൻപ് ഉള്ളവർക്ക് പട്ടയം നൽകണമെന്നുള്ള സർക്കാർ തീരുമാനം നിലനിൽക്കേ വനം വകുപ്പ് കോടതി ഉത്തരവെന്ന രീതിയിൽ കുടിയിറക്ക് നോട്ടീസ് നൽകുന്നതായും ഒല്ലൂർ മണ്ഡലത്തിൽ 1868 ഹെക്ടർ സ്ഥലം പട്ടയം കൊടുക്കാനായി വനം വകുപ്പ് അനുവദിച്ചെങ്കിലും 700 ഹെക്ടറിന് മാത്രമേ പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നും സമിതി നിരീക്ഷിച്ചു

സുപ്രീം കോടതിയുടെ ഉത്തരവ് അനുസരിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ വനം പരിസ്ഥിതി മന്ത്രാലയം ക്ലിയർ ചെയ്ത് ഓരോ ജില്ലയ്ക്കും ഭൂമി അനുവദിച്ചിട്ടുള്ളതായും ഇപ്രകാരം ഇടുക്കി ജില്ലയിൽ 24000 ഹെക്ടർ സ്ഥലവും അനുവദിച്ചിട്ടുള്ളതായും തൃശ്ശൂർ ജില്ലയിൽ രണ്ടായിരത്തിൽ ചില്വാനം ഹെക്ടർ സ്ഥലവും അനുവദിച്ചിട്ടുള്ളതായും തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന 1868 ഹെക്ടർ ഏരിയയിൽ 700 ഹെക്ടറിന് മാത്രമേ പട്ടയം അനുവദിച്ചിട്ടുള്ളൂ എന്നും ബാക്കിയുള്ളവർക്ക് അനുവദിക്കാത്തത് ജോയിന്റ് വെരിഫിക്കേഷനിൽ കൃത്യമായി രേഖ ഹാജരാക്കാത്തത് കൊണ്ടാണെന്നും റവന്യൂ സെക്രട്ടറി വിശദീകരിച്ചു.

ജോയിന്റ് വെരിഫിക്കേഷൻ നേരത്തെ നടത്തിയിട്ടുള്ളതായി സമിതി ചൂണ്ടിക്കാട്ടി ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ റിപ്പോർട്ട് കൈവശമില്ലെന്ന് റവന്യൂ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു 206 പട്ടയങ്ങളുടെ ജെ.വി.ആർ.-ഉം അസൈൻമെന്റ് ലിസ്റ്റും കാണാനില്ലെന്ന് സമിതി മനസ്സിലാക്കി. ജെ.വി.ആർ.നഷ്ടപ്പെട്ടതുമൂലം 206 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാൻ കഴിയുന്നില്ലെന്ന് സമിതി വിലയിരുത്തി. പട്ടയം നൽകാനുള്ള 1100 ഹെക്ടർ ഏരിയ എത്ര ആളുകളുടെ കൈവശമാണുള്ളതെന്നും രേഖകളില്ലെങ്കിലും അവരുടെ ആക്ച്വൽ പൊസിഷൻ എന്താണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഭൂമി അനുവദിക്കുന്നതിന് എന്താണ് തടസ്സമെന്നും പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഗവൺമെന്റ് നിയമപ്രകാരം നാല് ഏക്കർ മാത്രമേ ഒരാൾക്ക് കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നും കൈവശക്കാർ 1977-ന് മുൻപ് ഉള്ളവരാണെന്ന് തെളിയിക്കേണ്ട കാര്യമില്ലെന്നും നാലേക്കറിൽ കൂടുതൽ ഉള്ളവർക്ക് മറ്റുള്ളവർ കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ വാങ്ങിയവർക്കും പ്രസ്തുത സ്ഥലത്തിന് പട്ടയം കൊടുക്കാൻ സാധിക്കുമെന്നും റവന്യൂ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഒല്ലൂർ മണ്ഡലത്തിൽ ഒരു സ്പെഷ്യൽ ഓഫീസും നാലഞ്ച് ഉദ്യോഗസ്ഥരും ഒരു വാഹനവും പ്രത്യേകിച്ച് കൊടുക്കുന്നതിന് തീരുമാനമെടുത്തിരുന്നതായും എന്നാൽ പുതിയതായി ഓഫീസറെ കണ്ടെത്തി സ്പെഷ്യൽ ഓഫീസ് നിശ്ചയിച്ച് പുതിയ തസ്തിക സൃഷ്ടിച്ച് നടത്തുന്നത്

പ്രായോഗികമല്ലെന്നും ആവശ്യമായ ആളുകളെ വച്ച് എങ്ങനെ നടപ്പാക്കണമെന്ന് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു

ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം അനുവദിക്കുന്ന നടപടി വേഗത്തിൽ നടത്തണമെന്ന് നേരത്തെ തീരുമാനമെടുത്തിട്ടുള്ളതായും സ്പെഷ്യൽ ഓഫീസ് നിശ്ചയിച്ച് പുതിയ ആളുകളെ നിയമിക്കുന്നതിനേക്കാൾ നിലവിലുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ അവിടെ നിയോഗിക്കുന്നതാണ് കൂടുതൽ പ്രായോഗികമെന്ന് സമിതി നിരീക്ഷിച്ചു

പട്ടയം അനുവദിക്കുന്നതിന് വനം വകുപ്പിന് എതിർപ്പില്ലെന്നും ഉദ്യോഗസ്ഥർക്കുള്ള ധാരണക്കുറവ് കൊണ്ടാണ് പട്ടയം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതെന്നും 1800 ഹെക്ടർ കഴിഞ്ഞ് വരുന്ന സ്ഥലത്ത് വനം വകുപ്പ് ജണ്ടകെട്ടി തിരിച്ചുകഴിഞ്ഞതായും റവന്യൂ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

ചർച്ചകളുടെയും ധനാഭ്യർത്ഥനകളുടെ പരിശോധനയുടെയും അടിസ്ഥാനത്തിൽ സമിതി ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ നൽകുകയുണ്ടായി

1. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റിയെടുക്കുന്നതിനുള്ള പദ്ധതിക്കായി ബഡ്ജറ്റിൽ 1500 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 2029-00-001-98-എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും 1000 ലക്ഷം രൂപ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥനക്കു കീഴിലെ 4059-01-051-60 എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ സ്മാർട്ട് റവന്യൂ ഓഫീസുകളുടെ നിർമ്മാണം എന്ന പദ്ധതിയുടെ ഘടകമായ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന ഘടകത്തിനുള്ള ഫണ്ട് 2029-00-001-98 എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള 800 ലക്ഷം രൂപ ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥനക്കുകീഴിലെ 4216-01-700-85 എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കി. മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയോ ഭവനനിർമ്മാണവകുപ്പ് മുഖേനയോ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകുമെന്നതിനാൽ നിലവിൽ പൊതുമരാമത്ത് എന്ന

ധനാഭ്യർത്ഥന നമ്പർ XV-ന് കീഴിലെ 4059-01-051-60 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1000 ലക്ഷം രൂപയും ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥന നമ്പർ XXI-ന കീഴിലെ 4216-01-700-85 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയും റവന്യൂ വകുപ്പിന്റെ 2029-00-001-98 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2. റവന്യൂ വകുപ്പിൻ കീഴിലുള്ള പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം എന്ന പദ്ധതിയുടെ ഘടകങ്ങളായി 2017-18 മുതൽ ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കോൺഫറൻസ് ഹാൾ നവീകരണം എന്നീ പ്രവൃത്തികൾക്കുള്ള ഫണ്ട് 2029-00-800-77 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ നവീകരണത്തിന് അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ പൊതുമരാമത്ത് എന്ന XV-ാംനമ്പർ ധനാഭ്യർത്ഥനക്കുകീഴിലുള്ള 2059-01-051-82 എന്ന ബഡ്ജറ്റ് ശീർഷകത്തിലും വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള 1500 ലക്ഷം രൂപ ഇതേ ധനാഭ്യർത്ഥനയുടെ തന്നെ 2059-01-051-81 (700 ലക്ഷം രൂപ) 4059-01-051-61 (800 ലക്ഷം രൂപ) എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിലുമായാണ് വകയിരുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കി. മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകുമെന്ന് മനസ്സിലാക്കിയ സമിതി കളക്ടറേറ്റ് കോൺഫറൻസ് ഹാൾ നവീകരണത്തിന് അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ 2059-01-051-82 എന്ന ശീർഷകത്തിൽനിന്നും വില്ലേജ് ഓഫീസുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള 1500 ലക്ഷം രൂപ 2059-01-051-81, 4059-01-051-61 എന്നീ ശീർഷകങ്ങളിൽ നിന്നും 2029-00-800-77 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3. കണ്ണാടി സർവ്വേയുമായി ബന്ധപ്പെട്ട് ആധുനിക സർവ്വേ ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടക്കുന്ന മലമ്പ്രദേശങ്ങളിലും നിരപ്പ് കുറഞ്ഞ പാതകളിലും ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യമുണ്ടെന്നും ആയതിനാൽ

കാര്യക്ഷമതയുള്ള വാഹനങ്ങൾ ആവശ്യമുണ്ടെന്നും മനസ്സിലാക്കിയ സമിതി നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾക്ക് പകരം പുതിയ അഞ്ച് വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 33.5 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

4. സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സർവ്വെയും ഭൂരേഖയും വകുപ്പിലെയും റവന്യൂ വകുപ്പിലെയും സൂപ്പർവൈസറി തസ്തികയിലെ ജീവനക്കാർക്ക് CUG (Closed User Group) മൊബൈൽ കണക്ഷൻ ലഭ്യമാക്കേണ്ടതാവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

5. സർവ്വെ വകുപ്പിൽ നിലവിലുള്ള 28 വാഹനങ്ങളിൽ 8 വാഹനങ്ങൾ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയാണെന്ന് മനസ്സിലാക്കിയ സമിതി നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾക്ക് പകരം പുതിയ രണ്ട് വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 13.4 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

6. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വെള്ളറടയിൽ വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം തീപിടിത്തത്തിൽ നശിച്ചുപോയതിനെത്തുടർന്ന് നിലവിൽ വാടകകെട്ടിടത്തിലാണ് വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നതെന്നും തൃശ്ശൂർ ജില്ലയിലെ പീച്ചി-പാണഞ്ചേരി ജോയിന്റ് വില്ലേജ് ഓഫീസിൽ ആവശ്യത്തിന് സ്ഥലസൗകര്യമില്ലാത്തതിനാൽ രേഖകൾ സൂക്ഷിക്കുവാൻ സാധിക്കാതെ നശിച്ച പോകുന്നതിനാൽ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ അഞ്ഞൂറോളം സർവ്വെ നമ്പരുകളിലെ ആളുകൾക്ക് പട്ടയം ലഭിക്കാത്ത അവസ്ഥയുണ്ടെന്നും മനസ്സിലാക്കിയ സമിതി 'സ്മാർട്ട് റവന്യൂ ഓഫീസുകൾ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വെള്ളറട, തൃശ്ശൂർ ജില്ലയിലെ പീച്ചി-പാണഞ്ചേരി എന്നീ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു .

7. ലാന്റ് അസൈൻമെന്റ് സ്പെഷ്യൽ തഹസിൽദാർമാരുടെ ഓഫീസുകൾക്ക് സ്വന്തമായി വാഹനമോ, കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയിംഗ് മെഷീൻ എന്നിവ ഉൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങളോ ഇല്ലാത്തതിനാൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടുന്ന ജോലികൾ ചെയ്തുതീർക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്ന് സമിതി നിരീക്ഷിച്ചു .

ധനകാര്യവകുപ്പിന്റെ തീരുമാനമനുസരിച്ച് പ്രസ്തുത ഓഫീസുകൾക്ക് ആവശ്യമായ വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്നുള്ള സർക്കാരിന്റെ ഉത്തരവ് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർക്ക് പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാവുന്നതാണെന്ന് മനസ്സിലാക്കിയ സമിതി ലാന്റ് ട്രൈബ്യൂണലുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

8. സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി വനം മന്ത്രാലയം ക്ലിയറൻസ് നൽകിയത് പ്രകാരം പട്ടയം കൊടുക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ മണ്ഡലമുൾപ്പെടുന്ന പ്രദേശത്തിനനുവദിച്ച 1868 ഹെക്ടറോളം വനഭൂമിയിൽ 700 ഹെക്ടറോളം ഭൂമിക്ക് മാത്രമേ പട്ടയം നൽകിയിട്ടുള്ളുവെന്നും ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് നഷ്ടപ്പെട്ടതുമൂലം 206 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാതിരിക്കുകയാണെന്നും മനസ്സിലാക്കിയ സമിതി പട്ടയം നൽകാനുള്ള 1100 ഹെക്ടർ ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾക്ക് നിയമപരമായി പട്ടയം അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.

<u>2017 മാർച്ച് 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2017 മാർച്ച് 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. സി.കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, ,,
3. ശ്രീ. പുരുഷൻ കടലുണ്ടി, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി പി.കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. പി.ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്.പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
3. ശ്രീ. എ. റ്റി ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
4. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
5. ശ്രീ. ആർ. ഹരി, സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്
6. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. കെ. ജി. വിജയകുമാരൻ നായർ, സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്.

സമിതി, 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥന നമ്പർ XI, XXVIII, XX എന്നിവയുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ലാന്റ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ പരിഗണിക്കവെ പൊതുസമ്പത്ത് സംരക്ഷണം-കേരള ഭൂബാങ്ക് പ്രോജക്ട് എന്ന ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമാണെന്ന് അറിയിച്ച ലാന്റ് റവന്യൂ കമ്മീഷണർ മുൻവർഷത്തെ ബഡ്ജറ്റ് വിഹിതം എന്ന കോളത്തിൽ 50 ലക്ഷം രൂപ എന്ന് കാണിച്ചിരിക്കുന്നത് 40 ലക്ഷം രൂപയെന്ന് തിരുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

കളക്ടർമാരും മജിസ്ട്രേറ്റുമാരും എന്ന ഇനത്തിന് ഒരു അഡീഷണൽ ഹെഡ് കൂടി ചോദിച്ചിട്ടുണ്ടെന്നും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്തപ്പെട്ട തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഇപ്പോൾ ഫണ്ട് അനുവദിച്ചിട്ടില്ലെന്നും ആയതിനായി 50 ലക്ഷം രൂപ ആവശ്യമുണ്ടെന്നും ചെലവാകുന്ന തുക റവന്യൂ റിക്കവറിയായി കക്ഷിയിൽനിന്നും ഈടാക്കി 0029-00-800-90 എന്ന ശീർഷകത്തിൽ ഒടുക്കുന്നതാണെന്നും അറിയിച്ച ലാന്റ് റവന്യൂ കമ്മീഷണർ അധികമായി ആവശ്യം വരുന്ന 50 ലക്ഷം രൂപ അനുവദിച്ചു തരണമെന്നും അഭ്യർത്ഥിച്ചു. അധികതുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടനയ്ക്കായി മൂന്ന് സബ് ഡിവിഷനുകൾ എന്ന നിലയിലാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതെങ്കിലും ഇപ്പോഴത് 6 ആയി ഉയർത്തിയിട്ടുള്ളതിനാൽ 125 ലക്ഷം രൂപ ആവശ്യമാണെന്നും സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ പുതിയതായി ഓരോ റവന്യൂ ഡിവിഷനുകളും കന്ദംകളം, പയ്യന്നൂർ എന്നിവിടങ്ങളിൽ താലൂക്കുകളും രൂപീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ഉറപ്പുനൽകിയിട്ടുള്ളതിനാൽ ഈ ആവശ്യത്തിലേയ്ക്കായി ഒരുകോടി രൂപ അധികമായി അനുവദിക്കണമെന്നും കണ്ണൂർ, കോഴിക്കോട്, കൊല്ലം എന്നിങ്ങനെ മൂന്ന് റവന്യൂ ഡിവിഷനുകൾ പുതുതായി രൂപീകരിച്ചിട്ടുണ്ടെന്നും ലാന്റ് റവന്യൂ കമ്മീഷണർ സമിതിയെ അറിയിച്ചു.

8. പ്രധാനപ്പെട്ട ക്ഷേത്രങ്ങളും 3 വിദ്യാഭ്യാസ സ്ഥാപനങ്ങളുമുള്ള കൊച്ചി ദേവസ്വത്തിന് 2017-18 വർഷം 1,000 രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളതെന്നും ഈ ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ 'ഹരിത കേരളം' പദ്ധതിയുടെ ചുവടുപിടിച്ച് 'ഹരിത ക്ഷേത്രം' പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും ആവശ്യമായി വരുന്ന ഭാരിച്ച ചെലവിന് ക്ഷേത്രത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തുക പ്രയാസമാണെന്ന് റവന്യൂ (ദേവസ്വം) സെക്രട്ടറി അറിയിച്ചപ്പോൾ കൊച്ചി ദേവസ്വം ഹരിതക്ഷേത്രം പദ്ധതി വളരെ നല്ല നിലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ആരംഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കാവുകളുടെയും ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങളുടെയും നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി അറിയിച്ചപ്പോൾ ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ എന്നും ഇവിടെ ഒരു കോടി രൂപ എന്നും പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. ആയതിന് മറുപടിയായി ബഡ്ജറ്റ് ഫൈനലൈസേഷൻ കഴിഞ്ഞതിനുശേഷം ബഡ്ജറ്റ് പ്രസംഗത്തിൽ വരുന്ന കൂട്ടിച്ചേർക്കലുകളാണ് അതെന്നും ആയത് ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുമെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന ഈ ഘട്ടത്തിൽ സംസ്ഥാനത്തെ ജലദൗർലഭ്യം പരിഹരിക്കുവാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തിയ സമിതി ഈ പദ്ധതിക്കായി 9 കോടി രൂപ അധികമായി അനുവദിക്കുവാൻ ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവനയ്ക്കായി 1,000 രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും ക്ഷേമനിധി മാസവിഹിതം, ക്ഷേത്രവിഹിതം, എഫ്.ഡി. യിൽ നിന്ന് ലഭിക്കുന്ന പലിശ എന്നിവയിൽ നിന്നുമുള്ള വരുമാനം ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, 25,000 രൂപ വരെയുള്ള ചികിത്സാ ധനസഹായം എന്നീ ചെലവുകൾ നിർവ്വഹിച്ച് വരുന്നതെന്നും ജീവനക്കാരുടെ ശമ്പള വർദ്ധന, ക്ഷാമബത്ത വർദ്ധന എന്നിവമൂലം പല ക്ഷേത്രങ്ങൾക്കും അംശാദായ കുടിശ്ശിക അടയ്ക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും ക്ഷേത്രഭരണത്തിനായി നിയമിക്കപ്പെടുന്ന എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ ക്ഷേത്ര ജീവനക്കാരുടേതിന് സമാനമായിരിക്കുന്നതിൽ അനൗചിത്യമുള്ളതിനാൽ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ 3,000 രൂപ എന്നത് 6,000 രൂപയായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും നിലവിൽ ക്ഷേമനിധി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത് എന്നതിനാൽ സർക്കാർ ആനുകൂല്യങ്ങൾകൂടി ലഭ്യമാക്കേണ്ടതുണ്ടെന്നും മനസ്സിലാക്കിയ സമിതി മലബാർ ദേവസ്വം ബോർഡിലെ ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിൽ ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസിനായി ഒരു വർഷത്തേയ്ക്ക് 5 കോടി രൂപ ആവശ്യമാണെന്നിരിക്കെ ഇതിനായി വർഷാവർഷം സർക്കാർ അനുവദിക്കുന്ന ഒരു കോടി രൂപ തികയാതെ വരുന്നതിനാൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്യുന്നതെന്നും വിവിധ ഡിവിഷനുകളിലായി ആചാര്യസ്ഥാനികരുടേതായി 1524 അപേക്ഷകളും കോലധാരികളുടേതായി 142 അപേക്ഷകളും പുതുതായി ലഭിച്ചിട്ടുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത ശീർഷകത്തിൽ അധികമായി 3.75 കോടി രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1998/2013/ആർ.ഡി തീയതി 6-4-2016 പ്രകാരം ഭരണാനുമതി നൽകുകയും 2017-ൽ പുതിയ ഭരണ സമിതി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ടെന്നും ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും വിവിധ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കോഴ്സുകൾ നടത്തുന്നതിനും നിലവിൽ ചിറയ്ക്കൽ കോവിലകം

ദേവസ്വത്തിന് കീഴിലുള്ള ശ്രീമാടായിക്കാവ് ദേവസ്വം വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും അതിനായി സ്ഥലം കണ്ടെത്തുന്നതിനും ഉണ്ടാകുന്ന ഭാരിച്ച ചെലവിനായി 4.95 കോടി രൂപ അധികമായി അനുവദിക്കാൻ ശിപാർശ ചെയ്യണമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. അധികതുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

നിർത്തലാക്കപ്പെട്ട എച്ച്.ആർ. & സി.ഇ. വകുപ്പിലെ ജീവനക്കാർ മലബാർ ദേവസ്വം ബോർഡിലാണ് പ്രവർത്തിക്കുന്നതെന്നും വകുപ്പ് ജീവനക്കാർ എന്ന നിലയിൽ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് നിലവിൽ 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും 2250-00-103-87-31-ഗ്രാന്റ്-ഇൻ-എയ്ഡ് ശമ്പളം എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 28,30,00,000/- രൂപയിൽ നിന്നും 8.5 കോടി രൂപ 2250-00-102-99-01- (നോൺ പ്ലാൻ) സാലറീസ് എന്ന ശീർഷകത്തിൽ അനുവദിച്ചാൽ എച്ച്.ആർ. & സി.ഇ. വകുപ്പിലെ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകുമെന്നും മനസ്സിലാക്കിയ സമിതി അപ്രകാരം ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്, ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ ഗ്രാന്റ് എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും ജീർണ്ണോദ്ധാരണ ഗ്രാന്റ് മാത്രം 10 കോടി രൂപ ആവശ്യമായി വരുമെന്നതിനാൽ 7,05,00,000 രൂപ അധികമായി വകയിരുത്തേണ്ടതുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. അധിക തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ശബരിമലയിലും എരുമേലിയിലും മറ്റു പരിസരപ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാനമായ കാര്യമായതിനാൽ ഇക്കാര്യത്തിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തിയ സമിതി ശബരിമല ശുചീകരണം വളരെ നല്ല രീതിയിലാണ് നടക്കുന്നതെന്നും അക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിനെ അഭിനന്ദിക്കുകയാണെന്ന് അഭിപ്രായപ്പെടുകയും ഈ ഇനത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

തിരുവനന്തപുരം എസ്.എം.വി. സ്കൂളിലെ പതിവ് പൂജാരിക്ക് പ്രതിമാസം നൽകുന്ന 1,000 രൂപ ഓണറേറിയം തുലോം തുച്ഛമായ തുകയാണെന്നും ക്ഷേമ പെൻഷൻ പോലും 1,100 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഓണറേറിയം 2,000 രൂപയായി വർദ്ധിപ്പിക്കുന്നതിനായി 12,000 രൂപ അധികമായി അനുവദിക്കുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ 33 തസ്തികകളാണ് അനുവദനീയമായിട്ടുള്ളതെങ്കിലും നാമമാത്രമായ ഉദ്യോഗസ്ഥരെ മാത്രമേ ഇപ്പോൾ നിയമിച്ചിട്ടുള്ളുവെന്നും നിർത്തിവച്ചിരുന്ന ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾ പുനരാരംഭിക്കുകയും വിവിധ തസ്തികകളിൽ പരീക്ഷ നടത്തുവാൻ തുടങ്ങുകയും ചെയ്തിട്ടുണ്ടെന്നും കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതുണ്ട് എന്നതിനാൽ ശമ്പള ഇനത്തിൽ ഒരു കോടി രൂപയും പരീക്ഷാനടത്തിപ്പിന്റെ ചെലവുകൾക്കായി ശമ്പളേതര ഇനത്തിൽ ഒരുകോടി രൂപയും അധികമായി അനുവദിക്കാൻ ശിപാർശയുണ്ടാകണമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി അറിയിച്ചു.

റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ട്രാവൻകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ സ്പെഷ്യൽ റൂൾസ് നിയമവകുപ്പിൽ നിന്നും വെറ്റ് ചെയ്ത് വന്നിട്ടുണ്ടെന്നും ഗുരുവായൂർ ദേവസ്വം ബോർഡിന്റേത് ഇപ്പോൾ അവസാനഘട്ടത്തിലാണെന്നും മിക്കവാറും എല്ലാ ദേവസ്വം ബോർഡുകളുടെയും റിക്രൂട്ട്മെന്റ് ഉടൻതന്നെ തുടങ്ങാൻ സാധിക്കുമെന്നും പാർട്ട് ടൈം ശാന്തി പരീക്ഷ കഴിഞ്ഞിട്ടുണ്ടെന്നും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറി വിശദീകരിച്ചു. ദേവസ്വം ട്രൈബ്യൂണലിന് ഹൈക്കോടതി വിധി ആയിട്ടുണ്ടെന്നും അതിന്റെ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ ടോക്കൺ പ്രൊവിഷൻ ഇല്ലാത്തതിനാൽ അക്കാര്യം കൂടി അനുവദിക്കണമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി അഭ്യർത്ഥിച്ചു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനത്തിന് അധിക തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുമൂലം നഷ്ടം സഹിക്കേണ്ടിവന്ന ജന്മിമാർക്ക് നൽകിവരുന്ന പെൻഷൻ 1,500 രൂപയിൽ നിന്നും 3,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ പുതുക്കിയ നിരക്കിൽ പെൻഷൻ വിതരണം ചെയ്യുന്നതിന് അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും അപ്രകാരം ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്ത ഭൂമിയിലെ കാട് വെട്ടിത്തെളിക്കുന്നതിനും സർവ്വെ & ഡീമാർക്കേഷൻ നടത്തുന്നതിനും പ്രൊട്ടക്റ്റ് ചെയ്യാനും കർഷകത്തൊഴിലാളികൾക്ക് പതിച്ചു കൊടുക്കുന്നതിനുമായി 20 ലക്ഷം രൂപ ആവശ്യമാണെന്നും ബഡ്ജറ്റിൽ വച്ചിട്ടുള്ള 1,000 രൂപ ടോക്കൺ പ്രൊവിഷൻ അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി, ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി സംരക്ഷിക്കുന്നതിന് ആവശ്യമായ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

സംസ്ഥാന ദുരന്ത നിവാരണ വാർഷിക പദ്ധതിയുടെ പ്ലാൻ വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് കെ.എസ്.ഡി.എം.എ. മെമ്പർ സെക്രട്ടറി വിശദീകരിച്ചു. ദുരന്ത നിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞ അഞ്ച് വർഷമായി പ്ലാൻ ഫണ്ടിൽ നിന്നാണ് ശമ്പളം കൊടുക്കുന്നതെന്നും കെ.എസ്.ഡി.എം.എ. ഒരു സ്ഥിരം സംവിധാനമായതുകൊണ്ട് നോൺ പ്ലാൻ ഫണ്ടിൽ നിന്നും ശമ്പളം കൊടുക്കേണ്ടിവരുമെന്നതിനാലും അതോറിറ്റിയുടെ പ്രവർത്തനം അഞ്ചുവർഷം പൂർത്തിയായി എന്നതിനാലും അതോറിറ്റിക്ക് നോൺ പ്ലാൻ ഹെഡ് അനുവദിച്ച് 52.5 ലക്ഷം രൂപ വകയിരുത്തണമെന്ന് വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

കഴിഞ്ഞ വർഷം എസ്.ഡി.ജി.യ്ക്കായി ശിപാർശ ചെന്നപ്പോൾ എസ്.ഡി.ജി മൂവ്മെന്റിന്റെ സമയം കഴിഞ്ഞിരുന്നുവെന്നും ഇത്തവണ ഏപ്രിൽ-മെയ് മാസത്തോടെ ഫണ്ട് അനുവദിക്കാമെന്ന് തത്വത്തിൽ അറിയിച്ചിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ക്ലിയറൻസ് ലഭിച്ച പുതിയ പ്രോജക്ടിന്റെ ഫണ്ട് സ്വീകരിക്കുവാൻ പുതിയ ഹെഡ് ആവശ്യമായതിനാൽ അത് റിക്വസ്റ്റ് ചെയ്തിട്ടുണ്ടെന്നും കോട്ടയം ജില്ലയെ പൈലറ്റ് പ്രോജക്ടായി കേന്ദ്രഗവൺമെന്റ് തിരഞ്ഞെടുത്തിരിക്കുന്ന പ്രാദേശിക ദുരന്ത പ്രതികരണ സേന പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഹെഡ് ഓഫ് അക്കൗണ്ട് ആവശ്യമാണെന്നും അറിയിച്ച മെമ്പർ സെക്രട്ടറി നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ഒരു സ്റ്റാഫിനെ വീതം കൊടുക്കുന്ന പ്രോജക്ടിന് കേന്ദ്രഗവൺമെന്റ് 55 ലക്ഷം രൂപ നൽകുമെങ്കിലും അതിന് ടോക്കൺ പ്രൊവിഷൻ വച്ചിട്ടില്ലാത്തതിനാൽ ആ ഹെഡിൽ 55 ലക്ഷം രൂപ അനുവദിക്കണമെന്നും കൂട്ടിച്ചേർത്തു. തുടർന്ന് ഈ പദ്ധതി 100 ശതമാനം സി.എസ്.എസ്. ആയതിനാൽ സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ആവശ്യമില്ലെന്നും ഹെഡിൽ തുകയുണ്ടെങ്കിൽ മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളുവെന്നും കേന്ദ്രത്തിൽനിന്നും ഫണ്ട് കിട്ടുമ്പോൾ പിന്നീടത് ഫിനാൻസിൽ അഡ്ജസ്റ്റ് ചെയ്ത് പോകുമെന്നും അദ്ദേഹം അറിയിച്ചു

ഈ പദ്ധതിക്കായി തൃശ്ശൂർ ജില്ല നിർദ്ദേശിച്ചിട്ടും എന്തുകൊണ്ടാണ് കോട്ടയം ജില്ല തെരഞ്ഞെടുത്തത് എന്ന് സമിതി ആരാഞ്ഞതിന് ഫ്ലഡ് ഏരിയ എന്നു പറഞ്ഞ് കേന്ദ്ര ഗവൺമെന്റ് കോട്ടയം ജില്ലയാണ് തെരഞ്ഞെടുത്തതെന്നും പരിശീലനം നൽകുന്നതിനായി Civil Defence Institute ആരംഭിച്ചിട്ടുള്ള തൃശ്ശൂർ ജില്ലയിൽ പൈലറ്റ് പ്രോജക്ട് ആരംഭിക്കാമെന്ന് അറിയിച്ചപ്പോൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് കോട്ടയം ജില്ല തെരഞ്ഞെടുത്തിരിക്കുന്നു എന്ന മറുപടിയാണ് ലഭിച്ചതെന്ന് മെമ്പർ സെക്രട്ടറി മറുപടി നൽകി.

ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റിയർമാരെ പരിശീലിപ്പിക്കുന്നതിനായുള്ള, 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രാദേശിക ദുരന്ത പ്രതികരണ സേന (ആപത്താ മിത്ര) പദ്ധതിക്ക് ഒരു പുതിയ ഹെഡ് അനുവദിച്ച് 22,70,000 രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ചർച്ചകളുടെയും ധനാഭ്യർത്ഥനകളുടെ പരിശോധനയുടെയും അടിസ്ഥാനത്തിൽ സമിതി ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ നൽകുകയുണ്ടായി:

1. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണനിയമമനുസരിച്ച് നികത്തപ്പെട്ട തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 50 ലക്ഷം രൂപ 2053-00-093-99-80 എന്ന ശീർഷകത്തിൽ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. ഇതിനായി ചെലവാകുന്ന തുക റവന്യൂ റിക്കവറിയായി ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി 0029-00-800-90 എന്ന ശീർഷകത്തിൽ ഒടുക്കുന്നതാണെന്നും മനസ്സിലാക്കിയ സമിതി പ്രസ്തുത ആവശ്യത്തിലേയ്ക്കായി 2053-00-093-99-80 എന്ന ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2. സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ പുതിയതായി ഓരോ റവന്യൂ ഡിവിഷനുകളും കുണ്ടറ, പയ്യന്നൂർ എന്നിവിടങ്ങളിൽ താലൂക്കുകളും രൂപീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിലേക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3. സംസ്ഥാനത്തെ ദുരന്തനിവാരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ച് 5 വർഷം പൂർത്തിയായിട്ടും അതോറിറ്റിക്ക് ബഡ്ജറ്റിൽ നോൺ പ്ലാൻ ഹെഡിൽ തുക അനുവദിച്ചിട്ടില്ലെന്നും ജീവനക്കാരുടെ ശമ്പളം വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് നൽകിവരുന്നതെന്നും മനസ്സിലാക്കിയ സമിതി ദുരന്തനിവാരണ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് നോൺ പ്ലാൻ ഇനത്തിൽ 52.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4. കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം എന്ന പദ്ധതിക്കായി 2017-18 സാമ്പത്തികവർഷം 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല എന്ന് മനസ്സിലാക്കിയ സമിതി കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ലഭിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 55 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

5. ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റിയർമാരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ 100% ഗ്രാന്റോടുകൂടി ആവിഷ്കരിച്ചിട്ടുള്ള ആപത്താമിത്ര എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിൽനിന്നും 22.7 ലക്ഷം രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളതായി മനസ്സിലാക്കിയ സമിതി കേന്ദ്രസർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള തുക ലഭിക്കുന്നതിനായി ബഡ്ജറ്റിൽ പുതിയ ശീർഷകം അനുവദിക്കണമെന്നും 22.7 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6. കൊച്ചി ദേവസ്വത്തിന്റെ കീഴിൽ വരുന്ന 8 പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിയുടെ ചുവട് പിടിച്ച് ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി കൂടുതൽ തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ആവശ്യത്തിലേയ്ക്കായി 999.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

7. സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ, അതത് പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പരിഹാരം കാണുന്നതിനും ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. സർക്കാരിന്റെ ഹരിതകേരളം പദ്ധതിയിൽ ഇക്കാര്യത്തിന് മുൻഗണന ലഭിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരുന്നതും സ്വകാര്യക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആകയാൽ ഇവയുടെ സംരക്ഷണത്തിനായി 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

8. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രനിധിയിൽ 5163 അംഗങ്ങളുള്ളതിൽ നിലവിൽ 963 അംഗങ്ങൾക്ക് പെൻഷനും 317 പേർക്ക് കുടുംബ പെൻഷനും നൽകി വരുന്നു എന്ന് സമിതി മനസ്സിലാക്കി. ക്ഷേത്ര എക്സിക്യൂട്ടീവ് ഓഫീസർമാർ ക്ഷേത്രഭരണം നിയന്ത്രിക്കുന്നവരാകയാൽ ഇവരുടെ പെൻഷൻ ക്ഷേത്ര ജീവനക്കാരുടേതിന് സമാനമായിരിക്കുന്നതിൽ അനൗചിത്യമുള്ളതിനാൽ എക്സിക്യൂട്ടീവ്

ഓഫീസർമാരുടെ പെൻഷൻ 3,000 രൂപയിൽ നിന്നും 6,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തേണ്ടതുണ്ടെന്ന് മനസ്സിലാക്കിയ സമിതി ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത എന്നിവയിലും വർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യം കൂടി കണക്കിലെടുത്ത് ഈ ആവശ്യത്തിലേക്കായി 199.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

9. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 367 കോലധാരികൾക്ക് 700 രൂപ നിരക്കിലും 1704 ആചാരസ്ഥാനികർക്ക് 800 രൂപ നിരക്കിലും ധനസഹായം വിതരണം ചെയ്യുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പുതുതായി ലഭിച്ചിട്ടുള്ള ആചാരസ്ഥാനികരുടെ 1524 അപേക്ഷകളും കോലധാരികളുടെ 142 അപേക്ഷകളും കൂടി ഈ വർഷം പരിഗണിക്കേണ്ടതിനാൽ ഈ ഇനത്തിൽ 375 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

10. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ആരംഭിച്ചിട്ടുള്ള ക്ഷേത്രകലാ അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായി 495 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

11. നിർത്തലാക്കപ്പെട്ട എച്ച്. ആർ. & സി. ഇ. വകുപ്പിലെ ജീവനക്കാർ മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നതെന്നും നിലവിൽ അവരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി എച്ച്. ആർ. & സി.ഇ. വകുപ്പിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് 849.99 ലക്ഷം രൂപ 250-00-103-87-31-സഹായധനം-ശമ്പളം എന്ന ശീർഷകത്തിൽനിന്നും 250-00-102-99-01-ശമ്പളം എന്ന ശീർഷകത്തിൽ നോൺപ്ലാൻ ഇനത്തിൽ മാറ്റി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

12. മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്, ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ ഗ്രാന്റ് എന്നിവയുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ആവശ്യങ്ങൾക്കായി 705 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

13. തിരുവനന്തപുരം എസ്.എം.വി. സ്കൂളിലെ ബാലഗണപതി ക്ഷേത്രത്തിലെ പതിവ് പൂജാരിയുടെ പ്രതിമാസ ഓണറേറിയം നിലവിൽ 1000 രൂപയാണെന്നും ക്ഷേമപെൻഷനുകൾ പോലും പ്രതിമാസം 1100 രൂപയാക്കി ഉയർത്തിയ സാഹചര്യത്തിൽ

ഓണറേറിയം 2000 രൂപയാക്കി വർദ്ധിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും വിലയിരുത്തിയ സമിതി പ്രസ്തുത ആവശ്യത്തിലേക്കായി 12,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

14. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിലവിൽ നാമമാത്രമായ ഉദ്യോഗസ്ഥർ മാത്രമേ സേവനമനുഷ്ഠിക്കുന്നുള്ളുവെങ്കിലും ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളിൽ പരീക്ഷ നടത്തി ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ ശമ്പളച്ചെലവിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഇതിനായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

15. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ വിവിധ തസ്തികകളിലേക്ക് പരീക്ഷ നടത്തുന്നതിനും ജീവനക്കാരുടെ ശമ്പളേതര ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ആവശ്യത്തിലേക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

16. ശബരിമലയിലും എരുമേലിയിലും മറ്റ് പരിസര പ്രദേശങ്ങളിലും വിവിധ ഏജൻസികൾ മുഖേന നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ ഏകോപിപ്പിക്കുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ആവശ്യത്തിലേയ്ക്കായി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

17. കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന കാലഘട്ടം വരെയുള്ള സംരക്ഷണച്ചെലവ്, പൊതുകാര്യത്തിന് ലാൻഡ് ബോർഡ് ഉത്തരവ് പ്രകാരം റിസർവ് ചെയ്യപ്പെടുന്ന ഭൂമിയുടെ സ്ഥായിയായ സംരക്ഷണച്ചെലവ്, സർവ്വെ നടത്തുന്നതിനുള്ള ചെലവ് എന്നിവയ്ക്ക് വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ആവശ്യത്തിലേയ്ക്കായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

18. 1-9-2014-ലെ ജി.ഒ. (എംഎസ്.) 380/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ജന്മി പെൻഷൻ 1,500 രൂപയിൽനിന്നും 3,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകുമെന്നതിനാൽ പുതുക്കിയ നിരക്കിൽ ജന്മിപെൻഷൻ വിതരണം ചെയ്യുന്നതിന് 41.76 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

19. ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതായി മനസ്സിലാക്കിയ സമിതി ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ടോക്കൺ പ്രൊവിഷൻ ബഡ്ജറ്റിൽ ഉൾപ്പെടുത്താണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതിയുടെ 6-4-2017-ന് ചേരാൻ നിശ്ചയിച്ചിരുന്ന യോഗം 17-4-2017-ലേക്ക് മാറ്റാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.